I ഇ.ബി. XII-കേരള നിയമസഭ /IV-3

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നിയമസഭാ നടപടികള്‍ – സംഗ്രഹം
(ചോദ്യോത്തരങ്ങള്‍ ഒഴികെ)

2007 മാര്‍ച്ച് 6, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കര്‍ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയില്‍ നിയമസഭാഹാളില്‍ യോഗം ചേര്‍ന്നു.

(8.30 മുതല്‍ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിരപ്രമേയം

കെ.എസ്.ടി.പി. റോഡ് പണി സ്തംഭനം സംബന്ധിച്ച്

മി. സ്പീക്കര്‍: കെ.എസ്.ടി.പി.യുടെ ഭാഗമായി ദ്രുതഗതിയില്‍ നടന്നിരുന്ന റോഡ്പണി പൊടുന്നനെ നിര്‍ത്തിവച്ചതിനാല്‍ നിലവിലുള്ള റോഡുകള്‍ പലതും ഗതാഗതയോഗ്യമല്ലാതായിത്തീര്‍ന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികള്‍ നിര്‍ത്തിവച്ച് ചര്‍ച്ചചെയ്യണമെന്നാവശ്യപ്പെട്ട് സര്‍വ്വശ്രീ തിരുവഞ്ചൂര്‍ രാധാകൃഷ്ണന്‍, സി..ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ്കുമാര്‍, കെ.കെ. ഷാജു എന്നീ അംഗങ്ങള്‍ റൂള്‍ 50 അനുസരിച്ച് നോട്ടീസ് നല്‍കിയിട്ടുണ്ട്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. ടി.യു. കുരുവിള): കെ.എസ്.ടി.പി. യുടെ ഭാഗമായുള്ള റോഡ് പണി തുടങ്ങിയത് 15-12-2002–ലാണ്.. 2004- ലാണ്

സ്ഥലമെടുപ്പിനുവേണ്ടിയുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. സ്ഥലം ലഭ്യമായില്ല എന്ന ഒറ്റകാരണംകൊണ്ടാണ് പണി സ്തംഭനത്തിലായത്. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം യു.ഡി.എഫ്. സർക്കാരിനാണ്. 3-2-2006–ൽ മരാമത്ത് വകുപ്പുമന്ത്രിയുടെ കീഴിൽ വിളിച്ചുചേർത്ത യോഗത്തിൽ തീർക്കാത്ത പണികൾക്ക് വീണ്ടും ഓരോ റീച്ച് ഫിക്സ് ചെയ്തു കൊടുക്കുകയും പണി പൂർത്തിയാക്കാത്തപക്ഷം എൽ.ഡി. ഫിക്സ് ചെയ്യുന്നതാണെന്നുള്ള തീരുമാനം സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിക്കുകയും അതനുസരിച്ച് സമയപരിധിക്കകം പൂർത്തിയാക്കാത്ത പണികൾക്ക് എൽ.ഡി. ചാർജ് ചെയ്യുന്നതിന് 16-9-2006–ൽ കോൺട്രാക്ടർക്ക് നോട്ടീസ് നൽകകയും ചെയ്തതിനെത്തുടർന്നാണ് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായത്. സ്ഥലം ലഭ്യമാക്കാത്തതിനാൽ പണി പൂർത്തിയാക്കാൻ സാധിക്കില്ലെന്ന് കോൺട്രാക്ടർമാർ അറിയിക്കുകയുണ്ടായി നാലഞ്ചു തവണ കോൺട്രാക്ടർമാരുമായി ക്യാബിനറ്റ് സബ്കമ്മിറ്റി ചർച്ച ചെയ്തപ്പോൾ പഴയ റേറ്റിന്റെ 30 ശതമാനം അധികം നൽകണം തുടങ്ങി ഗവൺമെന്റിന് അംഗീകരിക്കാൻ സാധിക്കാത്തവിധത്തിലുള്ള പല ഡിമാന്റുകളും അവർ മുന്നോട്ടുവച്ചു. ഇപ്പോഴുള്ള പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ശബരിമല സീസണുമുൻപ് എം.സി.റോഡിലെ വർക്ക് ചെയ്യുന്നതിന് തീരുമാനിക്കുകയും ആറ് കോൺട്രാക്ടർമാർക്കായി 43.6 ലക്ഷം രൂപയുടെ വർക്ക് വീതിച്ചു കൊടുക്കുകയും ചെയ്തു. വീണ്ടും 11 റീച്ചിലായി 22 ലക്ഷത്തോളം രൂപയുടെ വർക്ക് അറേഞ്ച് ചെയ്യുന്നുമുണ്ട്. ഫെയിസ് .4-ൽ ഉൾപ്പെടുത്തി 8

കോൺട്രാക്ടർമാർക്കായി ഏതാണ്ട് 20 കോടി രൂപയ്ക്ക് താഴെയുള്ള വർക്കുകൾ അറേഞ്ച് ചെയ്ത് കൊടുത്തിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ വർക്ക് തീർക്കാനല്ലാതെ ഈ സർക്കാർ റോഡ് പണി സ്തംഭിപ്പിക്കത്തക്ക യാതൊരു നടപടിയും എടുത്തിട്ടില്ല. വർക്ക് ചെയ്യാൻ നിർവ്വാഹമില്ലെന്ന് കോൺട്രാക്ടർമാർ അറിയിച്ചതിനെത്തുടർന്ന് റീ ടെണ്ടർ ചെയ്യുന്നതിനുള്ള അനുമതിക്കായി ലോകബാങ്കിന് എഴുതുകയുണ്ടായി. ലോകബാങ്കിന്റെ അനുമതി ലഭിച്ചതിനാൽ ഉടൻ തന്നെ റീ ടെണ്ടർ ചെയ്യുന്നതാണ്.

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയുടേയും, കഴിവില്ലായ്മയുടേയും ജനദ്രോഹകരമായ നടപടികളുടെയും മകുടോദാഹരണമാണ് കെ.എസ്.ടി.പി.യുടെ ഭാഗമായുള്ള റോഡ് പണികളുടെ സ്തംഭനത്തിലൂടെ വെളിവാകുന്നത്. ഫെഡിക്ക് വ്യവസ്ഥ അനുസരിച്ചുണ്ടാക്കിയ ഒരു ഇന്റർനാഷണൽ കോൺട്രാക്ടിന്റെ അടിസ്ഥാനത്തിൽ .എം.സി.റോഡ് പണിയും എ.സി.റോഡ് പണിയും ഏറ്റെടുത്ത് ചെയ്ത പതിബെൽ എന്ന കമ്പനി 18 കോടി രൂപയുടെ പാർട്ട് ബിൽ സമർപ്പിച്ചെങ്കിലും അതിന്റെ പേമെന്റ് നടത്തിയില്ല. ഇതിനുവേണ്ടി മലേഷ്യൻ കമ്പനി അധികൃതർ പലതവണ മന്ത്രിമാരെ കണ്ടിരുന്നു. മൊത്തം 1600 കിലോമീറ്ററിൽ 1000 കിലോമീറ്റർ പൂർത്തിയാക്കി. 800 കോടി രൂപ മുടക്കമുള്ളതിൽ 150 കോടി രൂപയുടെ റീപേമെന്റ് സമയം ജൂണിൽ ആരംഭിക്കുകയാണ്. നടപടികൾക്കു വിധേയമായിട്ടല്ല ഗവൺമെന്റ് വർക്ക് ടെർമിനേറ്റ് ചെയ്തത്. ഗവൺമെന്റിന്റെ പണമാണ് മൊബിലൈസേഷൻ അഡ്വാൻസായി കൊടുത്തിട്ടുള്ളത്. അതിനുള്ള ബാങ്ക് ഗ്യാരന്റി നീട്ടിക്കൊടുത്തിട്ടുമുണ്ട്. അത് ഈടാക്കാനുള്ള യാതൊരു നടപടിയും

ഗവൺമെന്റ് സ്വീകരിച്ചില്ല. പെർഫോർമൻസ് ഗ്യാരന്റിക്കുള്ള ബാങ്ക് ഗ്യാരന്റി കൊടുത്തത് റിയലൈസ് ചെയ്യാൻ നടപടി എടുത്തില്ല. എം.സി.റോഡിന്റെ പണിക്കുവേണ്ടിയുള്ള എക്വിപ്മെന്റ്സ് എല്ലാം എടുത്തുകൊണ്ടുപോയി. ലോകബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതി പ്രവർത്തനം ഏറ്റെടുത്ത കമ്പനിയെ ബ്ളാക്ക് ലിസ്റ്റിൽപ്പെടുത്താൻ ലോകബാങ്കിനോട് ആവശ്യപ്പെട്ടിട്ടില്ല. മൊബിലൈസേഷൻ അഡ്വാൻസും ബാങ്ക് ഗ്യാരന്റിയും പെർഫോർമൻസ് ഗ്യാരന്റിയും റിയലൈസ് ചെയ്യാതെ ആ കമ്പനിയുമായി ഒത്തുകളിച്ച് 30 ശതമാനം റേറ്റ് കൂട്ടിക്കൊടുക്കാൻ ശ്രമിക്കുന്നത് ഈ സംസ്ഥാനത്തിന് അപകടമാണ്. എം.സി. റോഡുകൾ തകർന്നിരിക്കുന്നതിനാൽ ജനങ്ങൾ വളരെ ബുദ്ധിമുട്ടുകയാണ്. കക്ഷിഭേദമില്ലാതെ ജനപ്രതിനിധികൾ അതിനെതിരായി സമരം നടത്തുകയാണ്. പത്ത് ദിവസത്തിനുള്ളിൽ യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ തീർക്കുമെന്ന് പറഞ്ഞിട്ട് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അഞ്ച് ജില്ലകളെ ബാധിക്കുന്ന ഈ റോഡ് പണി അടിയന്തിരമായി പൂർത്തിയാക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. ടി. യു. കുരുവിള</u>: മുൻ ഗവൺമെന്റിന്റെ കാലത്ത് കരാർ ചെയ്ത 137 കിലോമീറ്റർ. വർക്കിൽ ഇതുവരെ ഒന്നും ചെയ്തിട്ടില്ല. പൊന്മുടി റോഡിന്റെ വർക്കും പുന:രാരംഭിച്ചിട്ടില്ല. ആ വർക്ക് ടെർമിനേറ്റ് ചെയ്തിട്ടുമില്ല. കോൺട്രാക്ടർമാർ 10 ഡിമാന്റുകൾ വച്ചതിലൊന്നാണ് അന്നത്തെ 30 ശതമാനം റേറ്റ് ലഭിക്കണമെന്നുള്ളത്. എക്സ് ഗ്രേഷ്യാ അനുസരിച്ച് റേറ്റ് കൂടിക്കൊണ്ടിരിക്കുന്നതിനാൽ അന്നത്തെ 30 ശതമാനം

ഇന്നത്തെ റേറ്റനുസരിച്ച് 60 ശതമാനത്തിന് മുകളിൽ വരും. അതുകൊണ്ട് ഒരിക്കലും റേറ്റ് കൂട്ടിക്കൊടുക്കാൻ പറ്റില്ലെന്ന് തീരുമാനിച്ചു. അവരുടെ ഒരു ഡിമാന്റും അംഗീകരിക്കാൻ കഴിയില്ലെന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. എക്സ്ഗ്രേഷ്യാ അനുസരിച്ചും മാർക്കറ്റ് വാല്യൂ വച്ചുമാണ് റേറ്റ് നിശ്ചയിച്ചിരിക്കുന്നത്. ഇപ്പോഴത്തെ റേറ്റനുസരിച്ചുതന്നെ 25 ശതമാനം വരെ ഇൻക്രീസ് ഉണ്ടാകും. എഗ്രിമെന്റിലെ വ്യവസ്ഥകളനുസരിച്ച് മാത്രമേ ഈ ഗവൺമെന്റ് റേറ്റ് കൊടുക്കുകയുള്ളൂ. അതിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ ഡി.ആർ.ബി.യിൽ പോകാം. 25 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതിൽ 12 കോടി രൂപ കിട്ടാനുണ്ട്. ആ സാഹചര്യത്തിലാണ് 11 കോടി രൂപയുടെ ബിൽ പെൻഡിംഗ് വന്നത്. എക്സ്റ്റെൻഷൻ സമയം കഴിഞ്ഞശേഷം എൽ.ഡി. ചാർജ്ജ് ചെയ്യാനുള്ള കഴിഞ്ഞ ഗവൺമെന്റിന്റെ തീരുമാനം ഈ ഗവൺമെന്റ് നടപ്പിലാക്കിയപ്പോഴാണ് കോൺട്രാക്ടർമാർ ബാക്കൗട്ട് ചെയ്തത്. 10 ദിവസംകൊണ്ട് വർക്ക് പൂർത്തിയാക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമ്മതിച്ചെങ്കിലും വർക്ക് തുടങ്ങാൻ സാധിച്ചില്ല. മെറ്റൽ സ്റ്റോക്ക് പരിശോധനയ്ക്ക് സമയം വേണ്ടിവന്നതും ടാർ കിട്ടാതെ വന്നതും മറ്റ് പല സാങ്കേതിക തടസ്സങ്ങളും കാരണം പിന്നെയും വർക്ക് നീണ്ടുപോയി. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്. എത്രയുംവേഗം വർക്ക് പൂർത്തിയാക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമ്മതിച്ചിട്ടുണ്ട്. ഈ വർക്ക് പ്രൊലോംഗ് ചെയ്യാൻ ക്യാബിനറ്റ് തീരുമാനിച്ചിട്ടില്ല. അവർ വർക്ക് പൂർത്തിയാക്കാതെ പോയാൽ ഇതിനൊരു

പരിഹാരമെന്ന രീതിയിലാണ് റീടെൻഡർ ചെയ്യാൻ തീരുമാനിച്ചത്. എം.സി. റോഡ് വർക്ക് എത്രയുംവേഗം പൂർത്തിയാക്കുന്നതാണ്. എല്ലാ സ്ഥലത്തും പണി തുടങ്ങിയിട്ടുണ്ട്. ആലപ്പുഴ–ചങ്ങനാശ്ശേരി, തൃശൂർ–പാലക്കാട് റോഡുകളുടെ പണിയും തുടങ്ങിയിട്ടുണ്ട്. ഈ ഗവൺമെന്റ് സദുദ്ദേശത്തോടുകൂടിയാണ് നാളിതുവരെയും പ്രവർത്തിച്ചിട്ടുള്ളത്. ഒരിക്കലും ജനങ്ങൾക്ക് ദോഷം വരുന്ന രീതിയിൽ പ്രവർത്തിച്ചിട്ടില്ല. കെ.എസ്.ടി.പി.യുടെ ഭാഗമായുള്ള റോഡ് പണികൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കോൺട്രാക്ടിന്റെ കാലാവധി 31-12-2007–ൽ അവസാനിക്കുന്നതുകൊണ്ടാണ് റീ–ടെൻഡർ ചെയ്യാൻ തീരുമാനിച്ചത്. അല്ലെങ്കിൽ ലോക ബാങ്കുമായിട്ടുള്ള എഗ്രിമെന്റ് റദ്ദാകും. 1612 കോടി രൂപയാണ് ഇതിനുള്ള ലോൺ. 70 ശതമാനം ലോണും 30 ശതമാനം ഗ്രാന്റുമായി തരുന്ന തുകയ്ക്ക് 9.25 ശതമാനം പലിശയാണ് ലോക ബാങ്ക് ഈടാക്കുന്നത്. ഈ സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ. എം. മാണി, സി. ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൻമാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്ത് പോകുകയും അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) <u>സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടികൾ</u>

<u>ശ്രീ. കെ.സി. വേണുഗോപാൽ:</u> കേരളത്തെ വേദനിപ്പിച്ചതും മനുഷ്യമന:സാക്ഷിയെ ഞെട്ടിപ്പിച്ചതുമായ തട്ടേക്കാട് ബോട്ട് ദുരന്തം ചൂണ്ടുപലകയായി കണ്ടുകൊണ്ട് ഭാവിയിൽ സ്കൂൾ വിദ്യാർത്ഥികളുടെ യാത്രയുമായി ബന്ധപ്പെട്ട സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കണം. ലൈസൻസ് സിസ്റ്റവും ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഉണ്ടോ എന്നറിയാത്ത ബോട്ടിൽ യാത്ര ചെയ്തതിനെത്തുടർന്നാണ് അപകടം സംഭവിച്ചത്. റോഡ് മാർഗ്ഗമുള്ള യാത്രകളുടെ കാര്യത്തിലും കർശന നടപടി സ്വീകരിക്കണം. ഓട്ടോറിക്ഷ, സ്കൂൾ വാൻ തുടങ്ങിയ ചെറിയ വണ്ടികളിൽ പിഞ്ചുകുഞ്ഞുങ്ങളെ കുത്തിനിറച്ചുകൊണ്ടുള്ള യാത്രാസംവിധാനം അവസാനിപ്പിക്കണം. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കണ്ടം ചെയ്ത വണ്ടികൾ വാങ്ങിച്ച് പെയിന്റടിച്ച് സ്കൂൾ ബസ്സായി ഓടിക്കാൻ അനുവദിക്കരുത്. സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റും ലൈസൻസ് പുതുക്കുന്ന സംവിധാനവും ഉണ്ടാകണം. സ്കൂൾ വിദ്യാർത്ഥികളെ വിനോദയാത്രയ്ക്ക് കൊണ്ടുപോകുമ്പോൾ അവരുടെ സുരക്ഷിതത്വം അടക്കമുള്ള കാര്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങണം. പി.ടി.എ., ടീച്ചേഴ്സ് യൂണിയൻ, വിദ്യാർത്ഥി സംഘടനകൾ എന്നിവരുമായി ചർച്ച നടത്തി യാത്രാസുരക്ഷിതത്വം ഉറപ്പുവരുത്താൻ മാർഗ്ഗരേഖ തയ്യാറാക്കുകയും അത് ഫലപ്രദമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ മോണിറ്ററിംഗ് സിസ്റ്റം ഉണ്ടാക്കുകയും ചെയ്യണം. സ്കൂൾ കുട്ടികൾക്ക് ഗ്രൂപ്പ്

ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. ഓട്ടോറിക്ഷകളിൽ യാത്രചെയ്യുന്ന കുട്ടികളുടെ എണ്ണം നിജപ്പെടുത്താൻ സംവിധാനമുണ്ടാക്കുകയും അത് പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണം. സ്കൂൾ വിനോദയാത്രയ്ക്ക് ഗവൺമെന്റ് നിയന്ത്രണം ഏർപ്പെടുത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അടുത്തകാലത്ത് കേരളത്തിലുണ്ടായ ഏറ്റവും ദാരുണമായ തട്ടേക്കാട് ബോട്ട് ദുരന്തത്തിനിടയാ യവരുടെ രക്ഷാപ്രവർത്തനങ്ങൾക്കുവേണ്ടി കേരളം ഒറ്റക്കെട്ടായി പങ്കുചേർന്നുകൊണ്ട് അടിയന്തിര നടപടികൾ സ്വീകരിക്കുകയുണ്ടായി. സംസ്ഥാന സർക്കാരും സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുകയു ണ്ടായി. ഇത്തരത്തിൽ സർക്കാരിന്റെ മിഷനറി ഒരുമിച്ച് പ്രവർത്തിച്ച അനുഭവം ഇതിനുമുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. മന്ത്രിസഭാംഗങ്ങൾ മിക്കവരും; സംഭവസ്ഥലത്ത് എത്തുകയും ഡെൽഹിയിലായിരുന്ന മുഖ്യമന്ത്രി ഔദ്യോഗിക പരിപാടികൾ റദ്ദാക്കി സംഭവസ്ഥലത്ത് എത്തുകയും സംഭവ സ്ഥലത്തുവച്ച്തന്നെ മന്ത്രിമാരുടെ യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുകയും ഒരു ജുഡീഷ്യൽ എൻക്വയറിക്ക് ഉത്തരവിടുകയും ചെയ്തു. കേരളത്തിൽ ഇതിനേക്കാൾ സംഭ്രമജനകമായ കുമരകം ബോട്ട് അപകടം ഉണ്ടായപ്പോൾ അന്നത്തെ ഗവൺമെന്റ് ജുഡീഷ്യൽ എൻക്വയറിക്ക് ഉത്തരവിട്ടുവെങ്കിലും ആ കമ്മിഷൻ റിപ്പോർട്ട് ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. തട്ടേക്കാട് സംഭവത്തെ സംബന്ധിച്ചുള്ള ജുഡീഷ്യൽ എൻക്വയറി കമ്മിഷൻ

റിപ്പോർട്ടിലെ ശുപാർശകൾ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കുകതന്നെ ചെയ്യും. ഇത്തരം സംഭവങ്ങൾ തടയുന്നതിനുവേണ്ടി ഇറിഗേഷൻ, വാട്ടർ ട്രാൻസ്പോർട്ട്, മോട്ടോർ വാഹനം, ആഭ്യന്തരം എന്നീ വകുപ്പുകൾ ചേർന്നുകൊണ്ട് സമഗ്രമായ ഒരു നിയമനിർമ്മാണം നടത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബോട്ടുയാത്രയും ജലയാത്രയും സംബന്ധിച്ച് ഇന്നുള്ള തിരുവിതാംകൂർ, കൊച്ചി, മലബാർ കനാൽ ആക്ടുകൾ കാലഹരണപ്പെട്ടവയാണ്. മോട്ടോർ വാഹന നിയമത്തിലെ റൂൾ 290 പ്രകാരം വാഹനങ്ങളിൽ അനുവദനീയമായതിൽ കൂടുതൽ കുട്ടികളെ കയറ്റിക്കൊണ്ടുപോകുന്നത് കർശനമായി നിയന്ത്രിക്കുന്നതാണ്. ഓട്ടോറിക്ഷ, ടാക്സി, വാൻ തുടങ്ങിയ വാഹനങ്ങളിൽ കുട്ടികളെ കയറ്റുന്നത് പരമാവധി നിജപ്പെടുത്തിയിട്ടുണ്ട്. വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നതാണ്. ബോട്ടുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ലൈസൻസ് തുടങ്ങിയവ ട്രാവൻകൂർ-കൊച്ചി കനാൽ ആക്ടുകൾ . പ്രകാരമാണ് നിയന്ത്രിക്കുന്നത്. ചീഫ് ഇൻസ്പെക്ടർ ഓഫ് ബോട്ട്സിന്റെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റും കനാൽ ഓഫീസറുടെ ലൈസൻസുമില്ലാത്ത ബോട്ടുകൾ കണ്ടുകെട്ടുന്നതാണ്. തട്ടേക്കാട് ദുരന്തവുമായി ബന്ധപ്പെട്ട ബോട്ടിന്റെ ഉടമയും ഡ്രൈവറുമായ രാജുവിനെ അറസ്റ്റ് ചെയ്യുകയും കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ തുടരുകയുമാണ്. വിദ്യാർത്ഥികളുടെ യാത്രാക്കാര്യത്തിൽ കർശനമായ സുരക്ഷിതത്വം പാലിക്കേണ്ടതിനെക്കുറിച്ച് മോട്ടോർ വാഹനവകുപ്പ് ആഭ്യന്തര വകുപ്പുമായി കൂടിച്ചേർന്ന് നടപടികൾ സ്വീകരിക്കുന്നതാണ്. ക്രമാതീതമായി കുട്ടികളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് വാഹന

ഉടമകൾക്കെതിരെ നടപടി എടുക്കുന്നതാണ്. ബോട്ടുകളുടേയും വള്ളങ്ങളുടേയും കാര്യത്തിലും ഇത് ബാധകമാണ്. സ്കൂൾ പഠനകാര്യവുമായി ബന്ധപ്പെട്ട് അപകടങ്ങൾ ഉണ്ടാകുന്നത് ഗൗരവമായി കണ്ടുകൊണ്ട് പഠനയാത്രയെക്കുറിച്ച് വിശദമായ മാർഗ്ഗരേഖകൾ ഈ സർക്കാർ തയ്യാറാക്കി സമർപ്പിക്കുകയും ആ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. മാതാ പിതാക്കളേയും അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും ഇത്തരം കാര്യങ്ങളിൽ ബോധവാന്മാരാക്കുന്നതിന് പി.ടി.എ.യുമായി ബന്ധപ്പെട്ട് പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്. നിലവിലുള്ള സ്കൂൾ ബസ്സുകളുടെ ഫിറ്റ്നസ് പരിശോധിക്കുന്നതിന് അടിയന്തിരമായി സംവിധാനം ഏർപ്പെടുത്തുന്നതിനും അവ നിയമങ്ങൾ പാലിച്ചുകൊണ്ടുതന്നെയാണോ ഓടിക്കുന്നത് എന്ന് അറിയാനുള്ള മോണിട്ടറിംഗ് സംവിധാനം രൂപീകരിക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(2). <u>ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണം</u>

<u>ശ്രീ. ബാബു പോൾ</u>: എറണാകുളം ജില്ലയിൽ ചെറുകിട ജലസേചന ത്തിനു കീഴിൽ 136 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ 326 കി.ലോമീറ്റർ കനാലിലൂടെ 12500 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കുന്ന തിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതികളിലെ മോട്ടോറു കൾക്കും പമ്പുസെറ്റുകൾക്കും പദ്ധതികളുടെ അത്രതന്നെ കാലപ്പഴക്കമുണ്ട്. മോട്ടോറുകൾക്ക് 4 മണിക്കൂർ മാത്രമാണ് വിശ്രമം കിട്ടുന്നത്. അതിനാൽ മോട്ടോർ തണുക്കാൻ സമയം ലഭിക്കുന്നില്ല. കാലപ്പഴക്കവും തുടർച്ചയായ ഉപയോഗവുംമൂലം മിക്ക ഇറിഗേഷൻ പദ്ധതികളും പ്രവർത്തനരഹിതമാണ്.

പ്രസ്തുത കാര്യങ്ങളെ സംബന്ധിച്ച് വിശദമായ റിപ്പോർട്ടുകൾ ഉന്നത അധികാരികൾക്ക് കാലാകാലങ്ങളിൽ സമർപ്പിക്കാറുണ്ടെങ്കിലും ഫണ്ടിന്റെ അഭാവം മൂലം പ്രവർത്തനക്ഷമമല്ലാത്ത പമ്പ്, മോട്ടോർ, സ്റ്റാർട്ടർ മുതലായവയുടെ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാറില്ല. ഇലക്ട്രിക്കൽ സബ് ഡിവിഷന്റെ കീഴിലുള്ള ആലുവ, കാലടി, രാമമംഗലം ഓഫീസുകളിലൊന്നുംതന്നെ ആവശ്യത്തിന് ജീവനക്കാർ ഇല്ല. പമ്പുഹൗസിലെ പഴക്കംച്ചെന്ന പമ്പുകളും മോട്ടോറുകളും നവീകരിക്കാൻ നടപടി സ്വീകരിക്കണം. പഴയ പമ്പുകളും മോട്ടോറുകളും നന്നാക്കി അടിയന്തിരഘട്ടങ്ങളിൽ സ്പെയറായി ഉപയോഗിക്കാൻ സജ്ജമാക്കണം. പതിനായിരം രൂപ വരെയുള്ള അറ്റകുറ്റപ്പണികൾക്ക് ഭരണാനുമതി നൽകാനുള്ള അധികാരം എക്സിക്യൂട്ടീവ് എൻജിനീയർക്ക് നൽകണം. ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): എറണാകുളം ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീംസിൽ സ്ഥാപിച്ചിട്ടുള്ള പഴക്കം ചെന്ന പമ്പുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും റിപ്പയർ ചെയ്ത് സ്പെയറായി വയ്ക്കുന്നതിനും സമഗ്രമായ ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അത് നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അടിയന്തിരമായി ചെയ്യേണ്ടിവരുന്ന മെയിന്റനൻസ് പണികൾ ചീഫ് എൻജിനീയറുടെ അനുമതിക്ക് കാത്തു നിൽക്കാതെ അടിയന്തിരമായി ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങനെ ചെയ്യുന്ന പണികൾ പിന്നീട് റാറ്റിഫൈ ചെയ്യുന്നതാണ്.

പഴക്കമുള്ള പമ്പുസെറ്റുകൾ മാറ്റുന്നതിനും ജീർണ്ണിച്ചവ റിപ്പയർ ചെയ്യുന്നതിനും 325 കിലോമീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖല അറ്റകുറ്റപ്പണികൾ നടത്തി പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുന്നതിനുമുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇത്തവണത്തെ വരൾച്ചയെ മുന്നിൽ കണ്ടുകൊണ്ട് എറണാകുളം ജില്ലയിലെ ജനപ്രതിനിധികൾ ആവശ്യപ്പെട്ടതനുസരിച്ച് പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തി, ആ മേഖലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കാനും കഴിഞ്ഞിട്ടുണ്ട്. ആലുവ ഇലക്ട്രിക്കൽ സബ് ഡിവിഷന്റെ കീഴിൽ ഒഴിഞ്ഞുകിടക്കുന്ന എ.ഇ., ഓവർസിയർ ഉൾപ്പെടെയുള്ള പോസ്റ്റുകൾ പരമാവധി നികത്തി കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ലഭ്യമായ ഫണ്ടിന്റേയും സൗകര്യങ്ങളുടേയും അടിസ്ഥാനത്തിൽ അത്യാവശ്യമുള്ള റിപ്പയറുകൾ നടത്തിയിട്ടുണ്ട്. 45 വർഷത്തിലധികം പഴക്കമുള്ള മോട്ടോറുകളും പമ്പുകളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് പ്രത്യേക ശ്രമം നടത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ മോട്ടോർ റിപ്പയർ ജോലികൾ ചെയ്യുന്നതിന് എം.എൽ.എ.മാർ ചെയർമാനായ ഉപദേശക സമിതി യോഗം ചേർന്ന് അതത് മണ്ഡലങ്ങളിലെ വരൾച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു Drought Action Plan ഉണ്ടാക്കി, സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുള്ള 5 കോടി രൂപയിൽ ശരാശരി 40 ലക്ഷം രൂപ ഓരോ ജില്ലാ കളക്ടറേറ്റിലും അനുവദിച്ചിട്ടുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പമ്പ് സെറ്റുകളുടേയും ഹാന്റ് പമ്പുകളുടേയും പൈപ്പ് ലൈനിന്റേയും എക്സ്റ്റൻഷൻ പ്രവൃത്തികൾ വരൾച്ചയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുന്നതാണ്. കേടായിക്കിടക്കുന്ന ഹാന്റ് പമ്പുകളെ

സംബന്ധിച്ച് വിശദമായ പഠനം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് നടത്തി പഞ്ചായത്തുകളുടെ സഹകരണത്തോടെ കളക്ടറേറ്റുകളിൽ ഏൽപ്പിച്ചിട്ടുണ്ട്. കാലേകൂട്ടി വരൾച്ചയെ മുന്നിൽക്കണ്ടുകൊണ്ട് പഞ്ചായത്തുകൾക്ക് ഒരു permissive sanction തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വാങ്ങി ഇത്തരം പണികൾ ചെയ്യാൻ കഴിയുന്നതാണ്. വരൾച്ചാ ഫണ്ട് ഉപയോഗിച്ച് വരൾച്ചയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കളക്ടറേറ്റിൽത്തന്നെ ചെയ്യാൻ കഴിയുന്നതാണ്.

## സബ്മിഷൻ

(1) <u>ശമ്പള പരിഷ്ക്കരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് റിട്ടയർ ചെയ്ത അദ്ധ്യാപകരും ജീവനക്കാരും നടത്തുന്ന മാർച്ച്</u>

<u>ശ്രീ. സി.പി. മുഹമ്മദ്</u>: എട്ടാം ശമ്പളക്കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിയമസഭാ മാർച്ച് നടത്തുന്ന കേരളാ സ്റ്റേറ്റ് റിട്ടയേർഡ് ടീച്ചേഴ്സ് ആന്റ് എംപ്ലോയീസ് യൂണിയൻ ഉന്നയിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 1-7-2004-മുതൽ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ശുപാർശകൾ അന്നത്തെ സർക്കാർ അതേപടി അംഗീകരിക്കുകയും അനോമലി പരിഹരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ അടുത്ത സർക്കാരിന് വിടാൻ തീരുമാനിക്കുകയുമാണുണ്ടായത്. എന്നാൽ 2002 മാർച്ച് മുതലുള്ള മുൻകാല പ്രാബല്യത്തിന്റെ കാര്യം പുതിയ സർക്കാരിന്റെ പരിഗണനയ്ക്ക് വിട്ടതായി രേഖയൊന്നും കാണാൻ കഴിഞ്ഞിട്ടില്ല. എങ്കിലും അങ്ങനെ ഉദ്ദേശിച്ചിരിക്കാം.

എട്ടാം ശമ്പള കമ്മീഷൻ ശുപാർശ ചെയ്തത് ജീവനക്കാരുടെ ജീവിതാവശ്യങ്ങൾ മാത്രം കണക്കിലെടുക്കാതെ അത് നടപ്പിലാക്കാനുള്ള സർക്കാരിന്റെ കഴിവുകൂടി പരിഗണിച്ചുകൊണ്ടാണ്. അതിന്റെ അടിസ്ഥാനത്തിലാണ് 1-8-2005 മുതൽ ഇടക്കാലാശ്വാസവും 1-7-2004 മുതൽ ശമ്പള പരിഷ്ക്കരണവും 1-4-2005 മുതൽ കുടിശ്ശികയും കമ്മീഷൻ ശുപാർശ ചെയ്തത്. അതുവഴി ശമ്പളവും പെൻഷനും ഉൾപ്പെടെ 1300 കോടി രൂപയുടെ അധിക ബാധ്യതയാണ് കണക്കാക്കിയിരിക്കുന്നത്. മുൻകാല പ്രാബല്യം നൽകുകയാണെങ്കിൽ എത്ര വർഷമുണ്ടോ ആ ഓരോ വർഷത്തിനും 1300 കോടി രൂപ വീതം ആവശ്യമുണ്ട്. 1-7-2003–മുതൽ 31-3-2005 വരെ 2275 കോടി രൂപയും 1-4-2002 മുതൽ 30-6-2003 വരെ 20 ശതമാനം വർദ്ധനയും നൽകിക്കഴിഞ്ഞാൽ 1000 കോടി രൂപ അധികമായി വേണ്ടിവരും. പെൻഷൻകാർക്ക് മാത്രം നൽകിയാലും ഈ കാലയളവിൽ പ്രതിവർഷം 389 കോടി രൂപ അധികച്ചെലവ് വേണ്ടിവരും. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പ്രസ്തുത വിഷയ ത്തിന്മേൽ യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ശ്രീ. പള്ളിപ്രം ബാലനും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.)

2. <u>ഇടുക്കിയിലെ സി.എച്ച്.ആർ. ഭൂമി കൈവശക്കാർക്ക് പട്ടയവും ഉടമസ്ഥാവകാശവും</u>

ശ്രീ. കെ.സി. ജോസഫ്: ഇടുക്കി ജില്ലയിലെ Cardamom Hill Reserve മേഖലയിൽ 1822 മുതൽ കുടിയേറിയ കർഷകർക്ക് കൈവശരേഖയും പട്ടയവും നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

റവന്യൂ വകുപ്പു മന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ്വ് മേഖലയിൽ 1-1-1977-ന് മുമ്പ് കുടിയേറിയ എല്ലാ കർഷകർക്കും പട്ടയം നൽകുക എന്നതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിനനുസൃതമായി ആദിവാസികൾക്കും കൈവശരേഖയും പട്ടയവും നൽകാനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. അടുത്തകാലത്തായി വൻകിടക്കാർ അനധികൃതമായി റവന്യൂഭൂമിയും വനഭൂമിയും കൈവശപ്പെടുത്തി റിസോർട്ടുകളുംമറ്റും പണിയാനുള്ള ശ്രമങ്ങൾ നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം നിയമവിരുദ്ധ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സർക്കാർഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടുവരുന്നു; ഇതിനായി പ്രത്യേക ടീമിനെ നിയോഗിച്ചിട്ടുണ്ട്. സുപ്രീംകോടതി മുമ്പാകെയുള്ള ഗോദവർമ്മ ആന്റ് തിരുമുൽപ്പാട് കേസിൽ കാർഡമം ഹിൽ റിസർവ് ഭൂമി സംബന്ധിച്ച് സാധാരണക്കാരായ കർഷകരുടേയും കുടിയേറ്റക്കാരുടേയും താൽപര്യം സംരക്ഷിച്ചുകൊണ്ടുള്ള സത്യവാങ്മൂലം സർക്കാർ ഫയൽ ചെയ്യാനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. ഇതിനായി കർഷക സംഘടനകളും ജനപ്രതിനിധികളുമായി സർക്കാർ പല തവണ ചർച്ച നടത്തുകയുണ്ടായി. റവന്യൂ, വനം വകുപ്പുകൾ തമ്മിലുള്ള തർക്കം പരിഹരിച്ചുകൊണ്ടും സംസ്ഥാനത്തിന്റെ പൊതുതാൽപര്യം സംരക്ഷിച്ചുകൊണ്ടും സർക്കാർ

സുപ്രീംകോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി. പ്രകൃതിസമ്പത്തും വനവും സംരക്ഷിച്ചുകൊണ്ടും 1-1-1977 നു മുമ്പായി ഈ ഭൂമിയിൽ കൃഷിചെയ്തുവരുന്ന കൃഷിക്കാരുടെ സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടും കയ്യേറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുകൊണ്ടുമാണ് സർക്കാർ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കുന്നത്.

### (3) വിധവ, വാർദ്ധക്യകാല പെൻഷനുകളുടെ നിബന്ധനകൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: വിധവാ പെൻഷൻ, വർദ്ധക്യകാല പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിവയുടെ തുക പുതുക്കി നിശ്ചയിക്കുകയും അവ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):. കുറെ വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച അതേ തുക തന്നെയാണ് വിധവകൾക്കും വികലാംഗർക്കും വൃദ്ധജനങ്ങൾക്കും പെൻഷനായി കൊടുത്തുകൊണ്ടിരിക്കുന്നത്. 20 വയസ്സുകഴിഞ്ഞ ആൺകുട്ടികളുള്ള വിധവകൾക്ക് പെൻഷൻ നൽകാത്ത സാഹചര്യമാണ് നിലവിലുള്ളത്.. ഈ നിബന്ധനയിൽ മാറ്റം വരുത്താൻ ഗവണ്മെന്റ് ആഗ്രഹിക്കുന്നുണ്ട്. ആൺമക്കളായാലും പെൺമക്കളായാലും ഭർത്താവ് മരിച്ചുപോയ പാവപ്പെട്ട വിധവകൾക്ക് ഈ പെൻഷന്റെ ആനുകൂല്യം കിട്ടണമെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം. വാർദ്ധക്യകാല പെൻഷൻ തുകയായ 110 രൂപ സെൻട്രൽ ഗവണ്മെന്റിന്റെ ഗൈഡ്ലൈൻ അനുസരിച്ച് 200 രൂപയായി

ഉയർത്തി 2006 ആഗസ്റ്റ് മാസം മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നൽകുന്നതാണ്. വികലാംഗർക്കും വിധവകൾക്കും നൽകിവരുന്ന തുകയും വർദ്ധിപ്പിക്കുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലാണ്.

(4) <u>കെട്ടിട നിർമ്മാണച്ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. കെ. ബാബു</u>: കൊച്ചി കോർപ്പറേഷനും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും കളമശ്ശേരി, തിരുവാംകുളം, തൃക്കാക്കര പഞ്ചായത്തുകൾക്കും ബാധകമാകത്തക്കവിധത്തിൽ പുതിയ നോട്ടിഫിക്കേഷൻ പ്രകാരം ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടുള്ള കെട്ടിടനിർമ്മാണച്ചട്ടങ്ങൾ പുന:പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ് കുട്ടി):</u> കൊച്ചി നഗരവും സമീപ പ്രദേശങ്ങളും ഉൾപ്പെടുന്ന ഭൂവിഭാഗത്തിന്റെ വികസന സാധ്യതകൾ മുന്നിൽ കണ്ട് ജനറൽ ടൗൺ പ്ലാനിംഗ് സ്കീം സ്ട്രക്ച്ചറൽ പ്ളാൻ തയ്യാറാക്കുകയും അതിന് സർക്കാർ 20-3-1991-ൽ അംഗീകാരം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത രൂപരേഖയിൽ നഗരമേഖലയുടെ സ്ഥായിയായ വികസനം ഉറപ്പുവരുത്തുന്നതിനായി വികസനക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഉൾപ്പെടുത്തിയിരുന്നു.. ഭൂവിനിയോഗം, റോഡ്, ജലം, ഡ്രെയിനേജ് സംവിധാനം മുതലായ അടിസ്ഥാന സൗകര്യങ്ങൾ കണക്കിലെടുത്താണ് വിവിധ എഫ്.എ.ആർ. നിഷ്കർഷിച്ചത്. കൊച്ചി സ്ട്രക്ച്ചറൽ പ്ലാനിലെ മേഖലാ നിയന്ത്രണച്ചട്ടങ്ങൾ പുതുക്കുന്നതിന് 8-1-2007-ൽ സർക്കാർ അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ച് ജനങ്ങൾക്ക് ഇതിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനും അവസരം നൽകി

യിരുന്നു. ഇവ ഇപ്പോൾ നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ ജില്ലാ ഓഫീസിൽ പരിശോധിച്ചുവരികയാണ്. ചീഫ് ടൗൺ പ്ലാനറുടെ അഭിപ്രായംകൂടി ലഭിച്ച ശേഷം സർക്കാർ ഈ കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്. നിലവിലുള്ള അംഗീകൃത സ്കീമുകളുമായി താരതമ്യപ്പെടുത്തിയാൽ പുതുക്കി പ്രസിദ്ധീകരിച്ച മേഖലാ നിയന്ത്രണങ്ങളിൽ എഫ്.എ.ആർ (Floor Area Ratio) പൊതുവെ കൂടുതലായാണ് വച്ചിട്ടുള്ളത്. തൃപ്പൂണിത്തുറ, കളമശ്ശേരി, തൃക്കാക്കര എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങൾക്ക് കൊച്ചി നഗര മേഖലയുടെ വികസന സാധ്യതകൾ പ്രയോജനപ്പെടുത്താനാണ് ഇത്തരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റവും ഉയർന്ന തോതിൽ നടക്കുന്നത് കൊച്ചി മേഖലയിലാണ്. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് പ്രമുഖ സ്ഥാനം വഹിക്കുന്ന കൊച്ചിയുടെ ത്വരിതഗതിയിലുള്ള വികസന വളർച്ച തുടർന്നും നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്. എന്നാൽ നഗര വളർച്ചയെ ഭാവിയിൽ പ്രതികൂലമായി ബാധിക്കുന്ന വിധം എഫ്.എ.ആർ ഉൾപ്പെടെയുള്ള ചട്ടങ്ങളിൽ അമിതമായ ഇളവുകൾ നൽകുന്നത് അഭികാമ്യമല്ല. ഈ കാര്യങ്ങൾ കൊച്ചിയുടെ മേഖലാ നിയന്ത്രണങ്ങൾ പുനരാവിഷ്കരിക്കുന്ന സമയത്ത് പരിഗണിക്കാവുന്നതാണ്.

### (5) <u>മാള നിയോജകമണ്ഡലത്തിലെ ജലക്ഷാമം</u>

<u>ശ്രീ. എ.കെ. ചന്ദ്രൻ</u>: മാള നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട 5 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടേയും പണി പൂർത്തീകരിച്ച് അവിടത്തെ ജലക്ഷാമത്തിന് പരിഹാരമുണ്ടാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മാള നിയോജക മണ്ഡലത്തിൽ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പ്രധാനമായും 5 സ്കീമുകളാണ് വിഭാവന ചെയ്തിട്ടുള്ളത്. . ഇതിൽ അഷ്ടമിച്ചിറ എൽ.ഐ. പദ്ധതിയുടെ കനാൽ, പൈപ്പ് ലൈൻ, പമ്പ് മോട്ടോർ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്. ഇത് ഭാഗീകമായി ഈ വർഷം തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്. പുത്തൻചിറ എൽ.ഐ. പദ്ധതിക്ക് ആവശ്യമായിട്ടുള്ള കനാൽ നിർമ്മാണവും അനുബന്ധ പണികളായ കൾവർട്ട് നിർമ്മാണം, സ്ലൂയിസ് വാൽവ് നിർമ്മാണം തുടങ്ങിയവയും പൂർത്തീകരിച്ചു. പമ്പ്ഹൗസ് നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ,. ജീപ്പ്റോഡ്, ഇലക്ട്രിഫിക്കേഷൻ എന്നീ ജോലികൾക്കായി 2.43 കോടി രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഗവണ്മെന്റ് അംഗീകാരം നൽകിയിട്ടുണ്ട്. വഞ്ചിപ്പുരത്താഴം എൽ.ഐ. സ്കീമിന്റെ 1-ാം ഘട്ട പണികളായ പമ്പ്ഹൗസ് നിർമ്മാണം, പമ്പ്ഹൗസിലേയ്ക്കുള്ള അപ്രോച്ച് റോഡ്, ലീഡിംഗ് ചാനൽ തുടങ്ങിയവയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ 2-ാം ഘട്ടത്തിന്റെ പൈപ്പ് ഇടൽ, പമ്പ്ഹൗസ് നിർമ്മാണം എന്നീ പണികളും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. മംഗലംകുളം, പൂപ്പാത്തി ഹരിജൻ കോളനി എൽ.ഐ. സ്കീമിന്റെ പമ്പ്ഹൗസ് നിർമ്മാണവും കനാൽ നിർമ്മാണവും മറ്റും പൂർത്തീകരിച്ചു. വൈദ്യുതി കണക്ഷൻ ഇപ്പോൾ ലഭ്യമായിട്ടുണ്ട്. കുളം വൃത്തിയാക്കലും ടാപ്പിംഗ് പോയിന്റിലേയ്ക്കുള്ള പണിയും ഇതിനകം അറേഞ്ച് ചെയ്തിട്ടുണ്ട്. കൊണ്ടഴിഞ്ഞാൽ, മാളച്ചാൽ എൽ.ഐ. സ്കീം

ഏതാണ്ട് 290 ഹെക്ടർ സ്ഥലത്തെ ജലസേചന സൗകര്യം ലഭ്യമാക്കാൻവേണ്ടി ലക്ഷ്യമിട്ട പദ്ധതിയാണ്. എന്നാൽ അൺവയബിളാണെന്നു കണ്ടതിനാൽ ഈ പദ്ധതിക്ക് ഇനി തുക ചെലവിടേണ്ടതില്ല എന്നും ഇതിനകം ചെലവഴിച്ച തുക എഴുതിത്തള്ളാനും ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്.

(6) <u>കോഴിക്കോട് ലാ കോളേജിലെ വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘർഷം</u>

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> കോഴിക്കോട് ലാ കോളേജിൽ സി.പി.എം.ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറി ജയപ്രകാശിന്റെ നേതൃത്വത്തിൽ എസ്.എഫ്.ഐ.ക്കാർ കെ.എസ്.യു., എം.എസ്.എഫ്. നേതാക്കൾക്കുനേരെ ആക്രമണം അഴിച്ചുവിട്ടിരിക്കുകയാണ്. അക്രമികൾക്കെതിരെ കേസ്സെടുക്കുകയും എസ്.എഫ്.ഐ. സംഘടനയെ ഭീകര സംഘടനയായി പ്രഖ്യാപിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: ഫെബ്രുവരി മാസം 27--ാം തീയതി കോഴിക്കോട് ലാ കോളേജിൽ എസ്.എഫ്.ഐ., കെ.എസ്.യു. സംഘടനകളിലെ വിദ്യാർത്ഥികൾ തമ്മിൽ അടിപിടിയുണ്ടായി. രണ്ട് വിഭാഗത്തിൽപ്പെട്ടവരുടേയും പരാതിപ്രകാരം ചേവായൂർ പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സംഭവത്തോടനുബന്ധിച്ച് 5-ാം തീയതി രാവിലെ 11.30 -ന് ലാ കോളേജിനുള്ളിൽ വച്ച് കെ.എസ്.യു., എം.എസ്.എഫ്. സംഘടനകളിലെ വിദ്യാർത്ഥികളും എസ്.എഫ്..ഐ. വിദ്യാർത്ഥികളും തമ്മിൽ സംഘട്ടനം ഉണ്ടായി. ഇതിൽ

എസ്.എഫ്.ഐ. വിഭാഗത്തിൽപ്പെട്ട 4 വിദ്യാർത്ഥികൾക്കും കെ.എസ്.യു. വിലെ 4 പേർക്കും എം.എസ്.എഫിലെ രണ്ടു പേർക്കും പരിക്കുപറ്റി. പരിക്കേറ്റവരെല്ലാം ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിലാണ്. പരിക്കുപറ്റിയ കെ.എസ്.യു. പ്രവർത്തകൻ രതീഷ്കൃഷ്ണയുടെ പരാതി പ്രകാരം എസ്.എഫ്.ഐ. പ്രവർത്തകരായ 29- ഓളം വിദ്യാർത്ഥികളുടെ പേരിൽ ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരം കേസ് രജ്സ്റ്റർ ചെയ്തിട്ടുണ്ട്. എസ്.എഫ്.ഐ. വിദ്യാർത്ഥിയായ സുധീഷിന്റെ പരാതിപ്രകാരം കെ.എസ്.യു., എം.എസ്.എഫ് വിഭാഗത്തിൽപ്പെട്ട 9 വിദ്യാർത്ഥികൾക്കെതിരെ ചേവായൂർ പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഘർഷമുണ്ടായതിനെത്തുടർന്ന് കോഴിക്കോട് ലാ കോളേജിന് അനിശ്ചിതകാലത്തേയ്ക്ക് അവധി പ്രഖ്യാപിച്ചിട്ടുണ്ട്. കോളേജിലും പരിസരപ്രദേശത്തും ശക്തമായ പോലീസ് പിക്കറ്റിംഗും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ക്രമസമാധാനലംഘനത്തിനെതിരെ ജാഗ്രതപുലർത്താൻ പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എല്ലാ വിദ്യാർത്ഥി സംഘടനകളോടും ഒരേ സമീപനമുള്ള ഈ ഗവണ്മെന്റ് എല്ലാപേർക്കും പ്രവർത്തനസ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഏതു സംഘടനയുടെ പേരിലായാലും അക്രമം കാണിക്കുന്നത് ഗവണ്മെന്റ് അംഗീകരിക്കുകയില്ല. കോളേജിൽ സമാധാനാന്തരീക്ഷമുണ്ടാക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നറിയണം. ആദ്യം തർക്കമുണ്ടായപ്പോൾ നടപടിയെടു

ത്തിരുന്നെങ്കിൽ ഇന്നലത്തെ സംഭവം നടക്കുമായിരുന്നില്ല. അന്ന് കെ.എസ്.യു.വിന്റെ വനിതാ പ്രവർത്തകയ്ക്കുനേരെ കേസെടുക്കുകയാണ് ചെയ്തത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വനിതാപ്രവർത്തകയായാലും, ഓരോരുത്തരും ചെയ്യുന്ന കുറ്റകൃത്യത്തിന്റെ അടിസ്ഥാനത്തിലാണ് കേസെടുക്കുന്നത്. പോലീസ് നിഷ്പക്ഷമായിമാത്രമേ പെരുമാറുകയുള്ളൂ. ആദ്യഘട്ടത്തിൽതന്നെ നടപടിയെടുക്കേണ്ടതായിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞത് അന്വേഷിക്കും. ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. കുറ്റക്കാരായ എല്ലാപേരെയും അറസ്റ്റ് ചെയ്യും.

(7) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ പണി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. ജെ. ജേക്കബ്: 1985-ൽ പ്ലാനിംഗ് കമ്മിഷന്റെ അംഗീകാരം ലഭിച്ച് ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തിയിട്ടുള്ള മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് ധാരാളം തുക ചെലവാക്കിയെങ്കിലും അതിന്റെ ഗുണം ലഭിക്കാതെ കിലോമീറ്റർ കണക്കിന് കനാലിൽ വെള്ളമെത്താത്ത സ്ഥിതിയാണുള്ളത്. ഇതുസംബന്ധിച്ച് ധാരാളം ചർച്ചകൾ നടക്കുന്നുവെങ്കിലും പ്രോജക്ടിന്റെ നിർമ്മാണപ്രവർത്തനം പൂർത്തിയായിട്ടില്ല. എത്രയുംവേഗം അതിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മന്ത്രിതലത്തിൽ മൂന്നുനാലു യോഗങ്ങൾ വിളിച്ചുകൂട്ടി. പ്രവർത്തനം

പുരോഗതിയിലാണെങ്കിലും കേസുകളുടേയും വിജിലൻസ് അന്വേഷണത്തിന്റേയും പേരിൽ പലപ്പോഴും ആഗ്രഹിക്കുന്ന വേഗതയിൽ പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നില്ല. പിറവം മണ്ഡലത്തിലെ ഉപകനാലുകളുടെ പണി മാർച്ച് അവസാനത്തോടുകൂടിയും രാമമംഗലം ഉപകനാലിന്റെ പണികൾ 2007 ഡിസംബർ മാസത്തോടുകൂടിയും പൂർത്തീകരിക്കാൻ കഴിയും. മൂവാറ്റുപുഴ ജലസേചനപദ്ധതിക്ക് പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശപ്രകാരം ഭേദഗതിചെയ്ത് അംഗീകാരം ലഭിച്ചത് മാർച്ചിലാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ സാങ്കേതിക തടസ്സങ്ങളെല്ലാം മാറ്റി സമയബന്ധിതമായി പണി പൂർത്തിയാക്കി പദ്ധതി പ്രവർത്തനക്ഷമമാക്കാൻ കഴിയും.

### (8) മലബാർ മേഖലയിലെ റെയിൽവേ മേൽപ്പാലങ്ങളുടെ പണി പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. വി. കുഞ്ഞിരാമൻ: മലബാർ മേഖലയിലെ ജനങ്ങളുടെ യാത്രയ്ക്കു തടസ്സമായി നിൽക്കുന്ന റെയിൽവേ ക്രോസ്സുകളിലെ മേൽപ്പാലങ്ങളുടെ പണി പൂർത്തിയാകാതെ കിടക്കുകയാണ്. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും റെയിൽവേയും 50 ശതമാനംവീതം തുക ചെലവഴിച്ചുകൊണ്ട് നിർമ്മിക്കുന്നതിന് തീരുമാനിച്ച ഒട്ടേറെ മേൽപ്പാലങ്ങളിൽ ഭൂരിപക്ഷത്തിന്റേയും നിർമ്മാണപ്രവർത്തനങ്ങൾ റെയിൽവേയുടെ കുറ്റകരമായ അനാസ്ഥകാരണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) ദക്ഷിണ റെയിൽവേ

യുടെ കീഴിൽ ഷൊർണൂർ-മാംഗ്ലൂർ സെക്ഷനിൽ 30 റെയിൽവേ ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ റെയിൽവേ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. ഈ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് അപ്രോച്ച് റോഡ് നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കേണ്ടത് സംസ്ഥാന ഗവണ്മെന്റാണ്. 30 മേൽപ്പാലങ്ങളിൽ 6 എണ്ണം കമ്മിഷൻ ചെയ്തു. പണി പുരോഗമിച്ചുവരുന്ന നാലെണ്ണം ഈ വർഷാവസാനം കമ്മിഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി 20 എണ്ണത്തിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം 65 ആർ.ഒ.ബി.കളുടെ നിർമ്മാണ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി റെയിൽവേയുടെ ഭാഗത്തുനിന്ന് അനുകൂലമായ നടപടിയുണ്ടായിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് 17 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. മലബാറിൽ നാഷണൽ ഹൈവേയിൽ ചെയ്യേണ്ട 9 ആർ.ഒ.ബി. കൾക്ക് മുൻഗണന കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുവേണ്ടിമാത്രം ഒരു പ്രത്യേക യോഗം ചേർന്ന് സമയബന്ധിതമായി നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(9) <u>ഇരിങ്ങാലക്കുട മുരിയാട് കായൽനിലത്തിലെ കർഷകർ അനുഭവിക്കുന്ന ദുരിതങ്ങൾ</u>

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : ഇരിങ്ങാലക്കുട മുരിയാട് കായൽ നിലത്തിലെ കർഷകർ പല കാരണങ്ങൾകൊണ്ട് കൃഷിചെയ്യാൻ പറ്റാത്ത

അവസ്ഥയിൽ അനിശ്ചിതകാല സമരം ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. വെള്ളം ഒഴുകിയെത്തുന്ന റെഗുലേറ്ററുകൾ ഉപയോഗശൂന്യമായിരിക്കുന്നു. കെ.എൽ.ഡി.സി. കായലുകൾ ഉപയോഗശൂന്യമായി കിടക്കുന്നു. അനിയന്ത്രിതമായ മണലെടുപ്പുമൂലം കായൽനിലത്തിലെ ബഹുഭൂരിപക്ഷം കൃഷിക്കാർക്കും കൃഷിചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. മുരിയാട് കായൽനിലങ്ങളിലെ കൃഷിക്കാരെ സഹായിക്കുന്നതിന് ഗവണ്മെന്റ് ശക്തമായി ഇടപെടണം. കേരളത്തിൽ അറിയപ്പെടുന്ന നെല്ലുൽപ്പാദന കേന്ദ്രങ്ങളിലൊന്നായി നിന്നിരുന്ന മുരിയാട് കായൽ നിലങ്ങളിലെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ മുരിയാട് നെൽകൃഷി വികസന ഏജൻസി രൂപീകരിക്കുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പ്രസ്തുത സ്ഥലം സന്ദർശിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കാൻ തൃശൂർ പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. തൃശൂർ ജില്ലയിലെ പൊറത്തിശ്ശേരി പഞ്ചായത്തിൽ കോന്തിപ്പാലം നിർമ്മിക്കുന്നതിന് താൽക്കാലിക ബണ്ട് നിർമ്മിക്കുകയും മറ്റും ചെയ്തതിന്റെ ഫലമായി കർഷകർക്ക് ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. പാലം പണി ഉടൻ തീർക്കണമെന്നും താൽക്കാലിക ബണ്ടും കനാലിലെ മറ്റ് തടസ്സങ്ങളും ഉടൻ മാറ്റണമെന്നും കെ.എൽ.ഡി.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുരിയാട് പാടശേഖരങ്ങളിൽ നിന്നും മണലും കളിമണ്ണും എടുക്കാൻ തുടങ്ങിയിട്ടുണ്ടെന്നാണ് റിപ്പോർട്ട് കിട്ടിയത്. മുരിയാടിലെ കർഷകരുടെ പ്രതിസന്ധി സമയബന്ധിതമായി പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽകൃഷി

വികസന ഏജൻസി രൂപീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച ശേഷം നടപടി സ്വീകരിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന
പ്രമേയത്തെക്കുറിച്ചുള്ള ചർച്ച. (തുടർച്ച)

ശ്രീ. കെ. സുധാകരൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന്റെ ആവർത്തനമാണ് ഇപ്പോഴും നടത്തിയിരിക്കുന്നത്. അന്ന് നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലെ യാതൊരു കാര്യവും പത്ത് മാസക്കാലംകൊണ്ട് ഈ ഗവണ്മെന്റിന് ചെയ്യാൻ സാധിച്ചിട്ടില്ല. ക്രിയേറ്റീവായ എന്തെങ്കിലും പ്രവർത്തനം എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് കരുതിയിരുന്ന കേരളത്തിലെ ജനങ്ങളെ നിരാശരാക്കുക മാത്രമല്ല, നയപ്രഖ്യാപനത്തിലെ ഒരു വിഷയത്തിലും യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള നടപടിക്രമങ്ങൾ ഇല്ലായെന്നുള്ളതാണ് സത്യം. കേരളത്തിന്റെ ഗ്രാമീണ സമ്പദ്ഘടനയെ ശക്തിപ്പെടുത്താനുള്ള യാതൊരു നിർദ്ദേശവും ഇതിൽ ഇല്ല. 45 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള എന്തെങ്കിലും പ്രഖ്യാപനം നയപ്രഖ്യാപന പ്രസംഗത്തിലുണ്ടോ എന്നുള്ളത് സംബന്ധിച്ച് ആത്മപരിശോധന നടത്തണം. മാലിന്യക്കൂമ്പാരമായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികളിൽനിന്ന്

ജനങ്ങളെ രക്ഷിക്കാനുള്ള യാതൊരു നടപടിയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടില്ല. യാഥാർത്ഥ്യബോധമില്ലാത്ത കുറേ പ്രസ്താവനകൾ ഗവർണ്ണറെക്കൊണ്ട് പ്രസംഗിപ്പിച്ച് കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷയെ തകർക്കുകയാണ് ചെയ്തിരിക്കുന്നത്. കൂട്ടുത്തരവാദിത്വമില്ലാത്ത ഒരു ഗവണ്മെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. അഴിമതിയാരോപണത്തിന്റെ പുകമറ സൃഷ്ടിച്ച് യു.ഡി.എഫ്–നെ പ്രതിക്കൂട്ടിലാക്കുന്നവർ 374.5 കോടി രൂപയുടെ എസ്.എൻ..സി. ലാവ്ലിൻ കേസ് സംബന്ധിച്ച് ഒരക്ഷരം മിണ്ടുന്നില്ല. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ അവസരവാദ നയത്തിന്റെ പ്രഖ്യാപനങ്ങളാണ് നയപ്രഖ്യാപനത്തിലുടനീളം നടത്തിയിരിക്കുന്നത്. രാജ്യം ശാസ്ത്ര–സാങ്കേതിക രംഗത്ത് മുന്നോട്ടു കുതിക്കുന്ന അവസരത്തിൽ അതിനൊപ്പമെത്താനായി മുമ്പ് യു.ഡി.എഫ്. ഗവണ്മെന്റ് കൊണ്ടുവന്ന കംപ്യൂട്ടർവൽക്കരണത്തെ എതിർത്തവർ ഇന്ന് അത് തോളിലേറ്റി നടക്കുകയാണ്. അമ്പലങ്ങളും പള്ളികളും ഇടിച്ചുനിരത്തി സാംസ്ക്കാരിക കേന്ദ്രങ്ങളാക്കണമെന്നു പറയുന്ന ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ ഇന്ന് ദേവാലയങ്ങളിൽ ദർശനം നടത്തുന്ന കാഴ്ചയാണ് കാണുന്നത്. അവസരത്തിനും സന്ദർഭത്തിനുമനുസരിച്ച് അധികാരത്തിന്റെ ഇടനാഴികളിലൂടെ പോകുന്ന ഹിപ്പോക്രാറ്റുകളാണ് ഇടതുപക്ഷക്കാർ. പാർലമെന്ററി വ്യാമോഹത്തിന്റെ അടിമകളായി ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രവർത്തകർ മാറിയിരിക്കുകയാണ്. അതിനെതിരെയുള്ള തൊഴിലാളിവർഗ്ഗത്തിന്റെ തിരിച്ചടിയാണ് കണ്ണൂരിലെ ബീഡിത്തൊഴിലാളികൾ ആരംഭിച്ചിരിക്കുന്ന പോരാട്ടം.

ശ്രീ. എം. ചന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിലെ ജനങ്ങളെ വഞ്ചിച്ച്, ജനദ്രോഹനയങ്ങൾ നടപ്പാക്കി കഴിഞ്ഞ 5 വർഷക്കാലം കേരളം ഭരിച്ച് മുടിച്ചവർക്ക് ജനങ്ങൾക്ക് നന്മ ചെയ്യുന്നതിനായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് കൊണ്ടുവന്ന നയപ്രഖ്യാപന പ്രസംഗം ആവർത്തനമായിട്ട് തോന്നും. 2001 മുതൽ 2006 വരെ നടത്തിയ ജനദ്രോഹ ഭരണത്തിനെതിരായി ജനങ്ങൾ നടത്തിയ പോരാട്ടത്തിന്റെ ഫലമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. അതിനാൽ ജനങ്ങൾ ഉയർത്തിയ ആവശ്യങ്ങൾ അംഗീകരിച്ച് നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സ്വാതന്ത്ര്യാനന്തര കാലം മുതൽ 50 വർഷക്കാലം സംസ്ഥാനങ്ങളും കേന്ദ്രവും അടക്കിഭരിച്ച കോൺഗ്രസ്സ് പാർട്ടിക്ക് ഇന്ന് വിരലിലെണ്ണാവുന്ന സംസ്ഥാനങ്ങളിൽ മാത്രമാണ് ഭരണമുള്ളത്. കോൺഗ്രസ്സ് തുടർന്നുവരുന്ന നയങ്ങളുടെ ഫലമാണ് അതിനു കാരണം. സാമ്രാജ്യത്വ ശക്തികൾക്ക് ഇൻഡ്യയെ പണയം വയ്ക്കുകയും അമേരിക്ക പോലുള്ള സാമ്രാജ്യത്വശക്തികൾക്ക് കീഴടങ്ങുകയുമാണ് കോൺഗ്രസ്സ് ചെയ്തത്. കോൺഗ്രസ്സും ബി.ജെ.പി.-യും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്ന് ജനങ്ങൾ മനസ്സിലാക്കിയതാണ് യു.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് പരാജയത്തിനുള്ള കാരണം. ഐ.എം.എഫ്., ലോകബാങ്ക് എന്നിവയുടെ മാനദണ്ഡങ്ങൾക്ക് മുന്നിൽ കീഴടങ്ങി കാർഷിക മേഖലയേയും വ്യാവസായികമേഖലയേയും തകർത്ത് നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റം സൃഷ്ടിച്ചവരാണ് ഇന്ന് എ.ഡി.ബി. വായ്പ വാങ്ങുന്നതിനെ കുറ്റപ്പെടുത്തുന്നത്. എണ്ണക്കുരുക്കളുടെ ഇറക്കുമതി തീരുവ കുറച്ചതിന്റെ ഫലമായി നാളികേര കർഷകർ തകർച്ചയിലാകുമെന്ന

കാര്യത്തിൽ യാതൊരു സംശയവുമില്ല. സാമ്രാജ്യത്വത്തിന്റെയും ആഗോള വൽക്കരണത്തിന്റെയും നയസമീപനങ്ങളുടെ ഭാഗമായി ഉണ്ടായ നാണ്യവിളകളുടെ വിലയിടിവ് തടയാനുള്ള എന്തെങ്കിലും പ്രതിവിധി കണ്ടെത്തണം. നിയമനനിരോധനം പിൻവലിക്കുകയും പിൻവാതിൽ നിയമനങ്ങൾ നിരോധിക്കുകയും ചെയ്തത് എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. 22,000 പേർക്ക് 9 മാസക്കാലം കൊണ്ട് നിയമനം നൽകുകയും യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തികളാക്കി പിൻവാതിൽ നിയമനം നടത്തിയിരുന്നത് അവസാനിപ്പിക്കുകയും പൊല്യൂഷൻ കൺട്രോൾ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.–ക്ക് വിടുകയും ചെയ്തത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. കാർഷികമേഖലയുടെ പുനരുദ്ധാരണ ത്തിനായി കേന്ദ്രഗവണ്മെന്റ് നിയമിച്ച ഡോ. സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്താത്തത് വേദകരമാണ്. ഈ സർക്കാർ ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുകയും അവരുടെ കുടംബങ്ങൾക്ക് 50,000 രൂപ വീതം സഹായം നൽകുകയും ചെയ്തു. ഈ ഗവൺമെന്റ് നാനാതുറകളിൽ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങളെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. ആകർഷകമായ പ്രഖ്യാപനങ്ങളടങ്ങിയ വെറുമൊരു ഔപചാരികം മാത്രമാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ നടത്തിയ നയ പ്രഖ്യാപനപ്രസംഗം. കാര്യങ്ങൾ നടത്താൻ കഴിയാതെ കേന്ദ്ര

സർക്കാരിനെയും കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനെയും കുറ്റപ്പെടുത്തുകയാണ് ഈ സർക്കാർ. 57 വർഷം മുമ്പുള്ള ഇ.എം.എസ്. ഭരണകൂടത്തിന്റെ നയങ്ങൾ സ്വീകരിക്കുന്നതിലൂടെ കേരളം വീണ്ടും 50 വർഷം പിന്നോട്ടു പോവുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ നിയമം പാസ്സാക്കുന്നതിനു മുമ്പ് യു.ഡി.എഫ്. അതിന്റെ നിയമസാധുതയെക്കുറിച്ച് പറഞ്ഞിരുന്നു. കർഷക കടാശ്വാസ നിയമം പാസ്സാക്കിയെങ്കിലും കമ്മിഷനെ വയ്ക്കാത്തതുമൂലം അതിന്റെ പ്രവർത്തനം ആരംഭിക്കാനായില്ല. കുതിച്ചുകയറുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടഞ്ഞുനിർത്താൻ യാതൊരു വിധ നടപടികളും സ്വീകരിച്ചില്ല. കേന്ദ്ര സർക്കാർ പെട്രോളിനും ഡീസലിനും വില കുറച്ചപ്പോൾ ആനുപാതികമായി സാധനങ്ങളുടെ വില കുറയ്ക്കാൻ എൽ.ഡി.എഫ്. സർക്കാർ തയ്യാറായില്ല. വിലക്കയറ്റം നിയന്ത്രിക്കാൻ ഭക്ഷ്യവകുപ്പ് 100 കോടി രൂപ ആവശ്യപ്പെട്ടത് ധനകാര്യ വകുപ്പ് നിഷേധിച്ചു. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ മുഴുവൻ എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഒടുവിൽ ഒരു ലക്ഷം രൂപയ്ക്ക് താഴെയുള്ള തുകയ്ക്ക് മാത്രമായി അത് നിജപ്പെടുത്തി. എ.ഡി.ബി./സ്മാർട്ട് സിറ്റി/ ഇൻഫോപാർക്ക്/ ടെക്നോപാർക്ക് എന്നിവയുടെ കാര്യങ്ങളിൽ യു.ഡി.എഫ്-ന്റെ കാഴ്ച്ചപ്പാട് സ്വീകരിക്കാൻ തയ്യാറായത് സ്വാഗതാർഹമാണ്. മലബാറിൽ ഐ.ടി.മേഖലയിൽ ഇതുപോലൊരു പാർക്ക് സ്ഥാപിക്കണം. മുസ്ലീം ലീഗ് 15,28,190 രൂപ സുനാമി ഫണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. തീവ്രവാദ സംഘടനകളെ മുസ്ലിം ലീഗ് ശക്തമായിത്തന്നെ എതിർക്കുകയാണ്. പക്ഷേ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തീവ്രവാദികളുടെ വോട്ടുനേടിയാണ് എൽ.ഡി.എഫ്. അധികാരത്തിലേറിയ

തെന്നോർക്കണം. മദ്യപാനത്തിനെതിരെ ബോധവൽക്കരണം ഏർപ്പെടുത്തു മെന്നു പറയുമ്പോൾത്തന്നെ കള്ളുഷാപ്പുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ ഈ സർക്കാർ ശ്രമിക്കുകയാണ്. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പരിഗണിക്കേണ്ട താണ്. അപ്രഖ്യാപിത പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കണം. ബംബർ ലോട്ടറികൾ തുടങ്ങുമെന്നു പറഞ്ഞിരിക്കുന്നത് സ്പോർട്ട്സ് ലോട്ടറി പോലെ ആകരുത്.

ശ്രീ. കെ. രാജു: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ ബിൽ, ഭൂപരിഷ്ക്കരണ നിയമം എന്നിവ പാസ്സാക്കിയത് 1957-ലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ്. അതേപോലെ ഈ സർക്കാർ കേവലം ഒമ്പതര മാസത്തിനുള്ളിൽ സ്വാശ്രയ വിദ്യാഭ്യാസ നിയമം, തൊഴിലാളികൾക്കുവേണ്ടിയുള്ള ഷോപ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ് നിയമം, കർഷക കടാശ്വാസ നിയമം തുടങ്ങിയ സുപ്രധാനങ്ങളായ മൂന്ന് നിയമങ്ങൾ പാസ്സാക്കി ഇൻഡ്യയിലെതന്നെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃക യാവുകയാണ് ചെയ്തത്. ഇടതുപക്ഷത്തിന്റെ പുരോഗമനപരമായ ചിന്താഗതിക്കും വ്യക്തമായ ലക്ഷ്യങ്ങൾക്കും നയങ്ങൾക്കുമനുസരിച്ചാണ് കാര്യങ്ങൾ വിഭാവനം ചെയ്യുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് അഴിമതിയാരോപണങ്ങൾക്കു വിധേയരായി മന്ത്രിമാർ രാജിവയ്ക്കുക യായിരുന്നു ചെയ്തുകൊണ്ടിരുന്നത്. കാർഷിക മേഖലയിൽ കർഷകശ്രീ, കിസാൻശ്രീ, ഹരിതശ്രീ തുടങ്ങിയ പദ്ധതികൾക്കുപറുമെ പ്രധാനപ്പെട്ട മൂന്ന് ജില്ലകളെ കേന്ദ്രീകരിച്ചുകൊണ്ട് 15 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദനത്തിനുള്ള കാർഷിക പാക്കേജിന് രൂപം നൽകിയത് സ്വാഗതാർഹമാണ്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത്

നഷ്ടത്തിലായിരുന്ന പല പൊതുമേഖലാസ്ഥാപനങ്ങളും ലാഭത്തിലാക്കി. കൊല്ലത്തെ മീറ്റർ കമ്പനി തുറന്നു പ്രവർത്തിപ്പിച്ചു. ക്ഷീരകർഷകർക്കു വേണ്ടിയുള്ള പദ്ധതികളെക്കുറിച്ചും മൃഗസംരക്ഷണത്തെക്കുറിച്ചും നയപ്രഖ്യാപനത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിൽ കേരളം സ്വയംപര്യാപ്തത നേടുന്നതാണ്. കെ.എസ്.ടി.പി.യുടെ നടത്തിപ്പിലുണ്ടായിട്ടുള്ള അഴിമതി ആരോപണങ്ങളെക്കുറിച്ചും യു.ഡി.എഫ്. ഭരണകാലത്ത് സുനാമി ഫണ്ട് വകമാറ്റി ചെലവഴിച്ചതിനെക്കുറിച്ചും അന്വേഷണം നടത്തണം.

ശ്രീ. കെ.എം. മാണി: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഭരണഘടന യുടെ 31 (സി) അനുസരിച്ചുള്ള ഡിക്ലറേഷൻ കൊണ്ടുവന്നില്ലെങ്കിൽ സ്വാശ്രയ വിദ്യാഭ്യാസ ബിൽ നിലനിൽക്കുകയില്ലെന്ന് അന്ന് യു.ഡി.എഫ്. പറഞ്ഞിരുന്നതാണ്. ഹൈക്കോടതി വിധിക്കെതിരെ സ്റ്റേ വാങ്ങുമെന്ന് പറഞ്ഞെങ്കിലും അതിനുള്ള പെറ്റീഷൻപോലും ഈ ഗവൺമെന്റ് സമർപ്പിച്ചില്ല. ഗവർണ്ണറുടെ ആദ്യത്തെ നയപ്രഖ്യാപനത്തിലുള്ള പദ്ധതികളും പരിപാടികളും ഒന്നുംതന്നെ പൂർത്തീകരിക്കാതെ അതിന്റെ പരിപാവനത കളയുകയാണ് എൽ.ഡി.എഫ്. സർക്കാർ ചെയ്യുന്നത്. കർഷക കടാശ്വാസത്തിനായി വകകൊള്ളിച്ച 156 കോടി രൂപ ചെലവാക്കാനാകാതെ ലാപ്സാക്കി. കൃഷി വകുപ്പിന്റെ പേരുമാറ്റിയതിലൂടെ പഞ്ചായത്തുകൾക്ക് കൊടുത്തിരിക്കുന്ന അധികാരങ്ങൾ തിരിച്ചുപിടിക്കാനാണ് എൽ.ഡി.എഫ്. ശ്രമിക്കുന്നത്. രണ്ട് ഓർഡിനൻസ് റീപ്ളെയിസ് ചെയ്തതിൽ ഒന്ന് ലാപ്സാകുകയും റീപ്രൊമുൽഗേറ്റ് ചെയ്യുകയും ചെയ്തു. ഓർഡിനൻസുകൾ കൊണ്ടുവന്ന് റീപ്രൊമുൽഗേറ്റ് ചെയ്യുന്നത്

അൺഡെമോക്രാറ്റിക്കും അൺകോൺസ്റ്റിറ്റ്യൂഷണലുമാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ ഓർഡിനൻസ് കൊണ്ടുവരുന്നതിൽ തെറ്റില്ല. കടൽ ഇല്ലാത്ത ജില്ലകളിൽ സുനാമി ഫണ്ട് ചെലവഴിച്ചു എന്നുള്ള ആക്ഷേപത്തിന് ഒരർത്ഥവുമില്ല. കടലില്ലാത്ത പല ജില്ലകളിലും പൈസ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. സുനാമി ദുരന്തത്തിൽ ആകെ മരിച്ച 167 പേരിൽ 60 പേർ കടലില്ലാത്ത ജില്ലകളിലുള്ളവരാണ്. അവർക്കെല്ലാം അതാത് ജില്ലാ കളക്ടർ മുഖാന്തിരം ധനസഹായം നൽകുകയും അത് ആ ജില്ലയുടെ കണക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സുനാമി ദുരന്തത്തിൽ പരിക്കുപറ്റിയ 2468 പേരിൽ 48 പേർ കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സിച്ചവരാണ്. അവർക്കുള്ള ധനസഹായം കോട്ടയം ജില്ലാ കളക്ടർ കൊടുക്കുകയും അതിന്റെ കണക്ക് കോട്ടയം ജില്ലയുടെ അക്കൗണ്ടിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. റെക്കോർഡ്സ് നോക്കി പരിശോധിക്കാൻ പറ്റിയില്ലെന്നാണ് മുൻ ചീഫ് സെക്രട്ടറി നൽകിയ അന്വേഷണ റിപ്പോർട്ട്. സുനാമി ദുരിതാശ്വാസമായി അന്നത്തെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് 140 കോടി രൂപ അനുവദിച്ചതിൽ 100 കോടി രൂപ ബഡ്ജറ്റിന്റെ റസീപ്റ്റ് കോളത്തിൽ വകയിരുത്തുകയും അത് വിവിധ വകുപ്പുകൾക്ക് ഡിമാന്റ്സ് ഫോർ ഗ്രാന്റായി വീതിച്ചുനൽകുകയും അതാത് വകുപ്പുകൾ ചെലവഴിച്ചതായി സി ആന്റ്. എ. ജി. പരിശോധിച്ച് കണക്ക് കൊടുക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിനെതിരായി ആഡിറ്റ് ഒബ്ജക്ഷനില്ല. ഫിഷറീസ് വകുപ്പിന്റെ കമ്മിറ്റഡ് എക്സ്പെൻഡിച്ചറിനു വേണ്ടി ബഡ്ജറ്റിലുള്ള തുകയിൽനിന്നും ചെലവഴിക്കുന്നതിന് പകരം സുനാമി ഫണ്ട് ഡൈവർട്ട് ചെയ്ത് 11.41 കോടി രൂപ ചെലവഴിച്ചത്

ശരിയായില്ല എന്നാണ് സി.ആന്റ്.എ.ജി. പറഞ്ഞത്. ഫിഷറീസ് മേഖലയിലെ കുട്ടികൾക്ക് വിദ്യാഭാസാനുകൂല്യത്തിലുണ്ടായിരുന്ന കുടിശ്ശികയും ഇൻഷ്വറൻസ് കോമ്പൻസേഷനായി കിട്ടേണ്ട തുകയും ഓൾഡേജ് വിഡോ പെൻഷൻ തുകയും അവരുടെ ബഡ്ജറ്റിൽനിന്നുമെടുത്ത് ചെലവഴിക്കുന്നതിന് പകരം സുനാമി ഫണ്ടിൽനിന്നും ചെലവഴിച്ചു. സമൂഹത്തിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന വിഭാഗത്തിന് കൊടുത്തത് ശരിയാണെന്നാണ് ഇപ്പോഴത്തെ ഗവൺമെന്റ് കൊടുത്ത സ്റ്റേറ്റുമെന്റ്. 2005 ഡിസംബറിൽ പാർലമെന്റ് പാസ്സാക്കിയ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിന് ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നതിനാൽ റൂൾ ഉണ്ടാക്കാൻ കഴിഞ്ഞില്ല. അതിനുശേഷം ഗവൺമെന്റ് ഓഫ് ഇൻഡ്യ എല്ലാ സംസ്ഥാനങ്ങൾക്കും കത്തയച്ചപ്പോൾ റൂൾ ഉണ്ടാക്കണമെന്ന് പറഞ്ഞ് യു.ഡി.എഫ്. ഗവൺമെന്റ് ഡിസാസ്റ്റർ വകുപ്പിന് കത്ത് കൊടുത്തിരുന്നു. ഡിസാസ്റ്റർ മാനേജ്മെന്റ് പോളിസിയും റൂളും ദുരന്ത നിവാരണ അതോറിറ്റിയും ഇല്ലാത്തതിനാലാണ് തട്ടേക്കാട് ദുരന്തമുണ്ടായപ്പോൾ പ്രതികരിക്കാൻ കഴിയാതെ പോയത്. സുനാമി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ എഫക്ടീവായ സംരക്ഷണം കൊടുക്കാൻ പാർലമെന്റ് പാസ്സാക്കിയ ഡിസാസ്റ്റർ മാനേജ്മെന്റ് നിയമം ഇവിടെയും കൊണ്ടുവരണം. എ.ഡി.ബി. വായ്പയെക്കുറിച്ച് സർക്കാർ പരസ്പരവിരുദ്ധമായ പ്രഖ്യാപനങ്ങൾ നടത്തുന്നത് പരിഹാസ്യമാണ്.

<u>ശ്രീ. കെ.പി. മോഹനൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പാവപ്പെട്ടവർക്കും കർഷകർക്കുംവേണ്ടി ദീർഘവീക്ഷണത്തോടുകൂടിയുള്ള നയപ്രഖ്യാപന പ്രസംഗമാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കാർഷിക

രംഗത്തെ ഒട്ടേറെ ക്ഷേമ പദ്ധതികളിലൂടെ കുത്തകകളുടെ കടന്നാക്രമണവും വിലക്കയറ്റവും തടയാൻ സാധിക്കുമെന്ന് തെളിയിച്ചുകൊണ്ട് ജനങ്ങൾക്ക് ആശ്വാസകരമായ പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. ക്ഷീര കർഷകർക്ക് ധാരാളം ആനുകൂല്യങ്ങൾ കൊടുത്തു. മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതിയും സമ്പൂർണ്ണ പാർപ്പിട പദ്ധതിയും പലിശരഹിത വായ്പയും മാതൃകാ മത്സ്യച്ചന്തകളും നടപ്പിലാക്കുന്നതും അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറക്കുവാനുള്ള ശ്രമവും ഐ.ടി.മേഖലയിൽ രണ്ടുലക്ഷം പേർക്ക് തൊഴിലുറപ്പാക്കാനുള്ള ശ്രമവും സ്വാഗതാർഹമാണ്. 17,000 ഭൂരഹിത കർഷകർക്ക് ഭൂമിയും വീടും നൽകാൻ മിച്ചഭൂമി വിതരണം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് രണ്ട് സെന്റ് ഭൂമി വാങ്ങി വീട് നിർമ്മിച്ചുകൊടുക്കുവാനുള്ള പുതിയ പദ്ധതി ഭവന വകുപ്പിൽക്കൂടി നടപ്പിലാക്കാൻ പോവുകയാണ്. ദരിദ്രരായ 25,000 ഭൂരഹിതർക്ക് പട്ടയവിതരണം നൽകാൻ സർക്കാർ മുന്നോട്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു. അഴിമതി മുക്ത കേരളമാണ് സർക്കാർ ലക്ഷ്യമിടുന്നത്. കാലഹരണപ്പെട്ട ആരോഗ്യ നിയമം മാറ്റി ഏകീകൃത പൊതുജനാരോഗ്യ നിയമമാണ് സർക്കാർ ലക്ഷ്യം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ രംഗത്ത് ഒന്നും നടന്നില്ലെന്നു മാത്രമല്ല ലഭിക്കേണ്ട അവകാശങ്ങളെല്ലാം തന്നെ നിഷേധിക്കപ്പെടുകയാണ് ചെയ്തത്. ഗ്രാമീണ ആരോഗ്യ മേഖലയിൽ ഈ സർക്കാർ കുതിച്ചുചാട്ടമാണ് നടത്തുന്നത്. 3094 കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളിൽ വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ സർക്കാർ നടപടി ആരംഭിച്ചിട്ടുണ്ട്. വിലക്കയറ്റം പിടിച്ചുനിറുത്താനും ടൂറിസം മേഖലയിൽ വിവിധതരം പദ്ധതികൾ കൊണ്ടു

വരാനും ക്രമസമാധാനനില മെച്ചപ്പെടുത്താനും സർക്കാരിന് സാധിച്ചിട്ടുണ്ട്. 15 കോടി രൂപയുടെ ലോട്ടറി വിറ്റതുവഴി കായിക രംഗത്ത് ആശ്വാസമെത്തിക്കാൻ സാധിച്ചുവെങ്കിലും ഈ രംഗം കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ തനത് ആയോധന കല യായ കളരിയെ കാര്യശേഷിയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കാൻ പറ്റുന്ന കലയായി മാറ്റിയെടുക്കാൻ സർക്കാർ ശ്രമിക്കണം. 22 പൊതു മേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടിവർഗ്ഗ കോളനികളിൽ കൂടുതൽ ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. കൊടുക്കുന്ന ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പാവപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനും കൃഷിക്ക് വേണ്ട യന്ത്രം പ്രവർത്തിപ്പിക്കാൻ കൂടുതൽ വൈദ്യുതി സഹായം നൽകാനുമുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നയപ്രഖ്യാപന പ്രസംഗത്തിലെ കാതലായ പ്രശ്നങ്ങളിലും കാര്യങ്ങളിലുമൊന്നും കടക്കാതെയാണ് പ്രതിപക്ഷം സംസാരിക്കുന്നത്. എ.ഡി.ബി. വായ്പയെക്കുറിച്ചും സുനാമി ഫണ്ട് ദുർവിനിയോഗം ചെയ്തില്ലെന്നും വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളാണ് അവർ നടത്തുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി 9 മാസക്കാലത്തിനുള്ളിൽ കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്ന നടപടികളാണ് എടുത്തത്. കൃഷിക്കാർക്ക് പുതിയ പദ്ധതികൾ ഉണ്ടാക്കിയിട്ടുണ്ട്. സി.എച്ച്.ആർ. ഭൂമിയുടെ കാര്യത്തിൽ ഇന്ന് നിൽക്കുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതാണ്. വനം കയ്യേറ്റവും

കുടിയേറ്റ കൃഷിക്കാരുടെ പ്രശ്നങ്ങളും രണ്ടായി കാണാതെ ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾ സ്വാഗതാർഹമാണ്. കൃഷിക്കാർക്ക് പട്ടയം കൊടുക്കാൻ നടപടി ഉണ്ടാകണം. ഇപ്പോൾ സമയബന്ധിതമായി റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യരംഗത്ത് പുതിയ നയം ഏർപ്പെടുത്തിയിട്ടുണ്ട്. മരുന്നു വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും സുതാര്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജലസേചനവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് പറഞ്ഞിട്ടുണ്ട്.

<u>ശ്രീ. എം.ജെ. ജേക്കബ്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു.. ഈ ഗവൺമെന്റ് സാമൂഹ്യനീതിയും സമഗ്രവികസനവും ലക്ഷ്യമാക്കി, അഴിമതിരഹിതമായ ഭരണ പരിപാടികളാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ ഫലമായി ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയ്ക്ക് ദൈനംദിന കാര്യങ്ങൾ നടത്തുന്നതോടൊപ്പം സ്വന്തമായി പ്ലാൻ ചെയ്യാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തു. ജീവിതകാലം മുഴുവൻ പണി എടുത്താലും ഒരു കൂര ഉണ്ടാക്കാൻ പറ്റാത്ത പാവങ്ങൾക്ക് കൂര ഉണ്ടാക്കാനുള്ള സഹായം ലഭ്യമാക്കണം. എൽ.ഡി.എഫ്. ഗവൺമെന്റ് ചലനാത്മകമാകണമെങ്കിൽ വരുമാനമുണ്ടാകണം. അധികാരവും മറ്റും താഴെത്തട്ടിലേയ്ക്ക് എത്തിക്കാനുള്ള ശ്രമം ഉണ്ടാകണം. ജനകീയാസൂത്രണത്തെ കേരള വികസന പദ്ധതി എന്ന് പേരുമാറ്റിയത് അധികാരം തിരിച്ചുപിടിക്കാനാണ് എന്നാണ് അവകാശപ്പെടുന്നത്. 1995 മുതൽ 2000 വരെ പ്ലാൻ ഫണ്ട് എങ്ങനെ ചെലവഴിച്ചുവെന്ന് വസ്തുനിഷ്ഠമായി പരിശോധിക്കണം.

2001-2006 കാലഘട്ടത്തിൽ ഭരണസ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഒരു ശ്രമവുമുണ്ടായില്ല. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ ഗ്രാമവികസനവും തദ്ദേശ സ്വയംഭരണവും ഒരുമിച്ച് ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടുവന്നത് ഈ വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഗ്രാമവികസനവുമായി ബന്ധപ്പെട്ട് ധാരാളം ഫണ്ടുകൾ കിട്ടാനുണ്ട്. ഡി.ആർ.ഡി.എ. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെ ചെയർമാനായി നിയോഗിച്ചു. ജില്ലാ കൗൺസിലുകൾ രൂപീകരിച്ചു. ഉദാരവൽക്കരണ നയത്തിന്റെ ദോഷഫലങ്ങൾ തിരിച്ചറിഞ്ഞ് അതിനനുസൃതമായി പ്രവർത്തിക്കേണ്ടതാണ്. സമഗ്ര പാർപ്പിട സംവിധാനം ശക്തിപ്പെടുത്തണം. 75 ശതമാനത്തോളം ആളുകൾ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ കാർഷിക മേഖല വിപുലീകരിക്കുന്നതിന് ഉല്പാദനം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പച്ചക്കറി കൃഷിയും തെങ്ങ് കൃഷിയും മറ്റും പ്രോൽസാഹിപ്പിക്കുന്നതിന് സബ്സിഡി കൊടുക്കേണ്ടത് അനിവാര്യമാണ്. സാമൂഹ്യവികസനം എന്ന കാഴ്ചപ്പാടോടെ എല്ലാ കാര്യങ്ങളേയും വിലയിരുത്താൻ സർക്കാർ ശ്രമിക്കണം. 22 വ്യവസായങ്ങളെ ലാഭകരമാക്കാനും ഇലക്ട്രിക് മീറ്റർ കമ്പനികളെ പ്രവർത്തിപ്പിക്കാനും ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ മാറ്റങ്ങൾ വരുത്താനും കഴിഞ്ഞിട്ടുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട് ജല ഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. നടക്കാവ്-പിറവം, കൂത്താട്ടുകുളം-ശബരിമല എന്നീ പ്രധാന റോഡുകൾ ഇതിന് മുതൽകൂട്ടാണ്. അവയെ ശക്തിപ്പെടുത്തണം.

<u>ശ്രീ. കെ.കെ. ഷാജു</u>: നന്ദി പ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിന്റെ തനി ആവർത്തനമാണിത്. ഉപതെരഞ്ഞെടുപ്പിൽ നേട്ടമുണ്ടായെന്ന് വാദിക്കുമ്പോഴും ഭൂരിപക്ഷം കുറഞ്ഞ സ്ഥിതിയാണ് കാണാൻ കഴിയുന്നത്. കഴിഞ്ഞ ഒരു വർഷത്തെ സാമ്പത്തിക വിനിയോഗം 20 ശതമാനത്തോളം മാത്രമാണ്. എ.ഡി.ബി. ഉദ്യോഗസ്ഥർ വന്ന വാഹനങ്ങൾ തല്ലിത്തകർക്കുകയും ഓഫീസ് നാമാവശേഷമാക്കുകയും അവരെ ആക്രമിക്കുകയും ചെയ്തവർ ഇന്ന് അവരെ ഇരുകൈയും നീട്ടി സ്വീകരിക്കുമ്പോൾ ഇവിടുത്തെ ജനങ്ങളോട് മാപ്പുപറയണം. 1924 കോടി രൂപയുടെ സമഗ്ര നാളികേര വികസന പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 10 മാസക്കാലയളവിൽ ഒരു വികസന പ്രവർത്തനവും നടത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. നിത്യോപയോഗ സാധനങ്ങൾക്ക് വില കുറഞ്ഞു എന്ന ഇടതുപക്ഷത്തിന്റെ അഭിപ്രായം ശരിയല്ല. കേരളം ഗുണ്ടാ മാഫിയാ സംഘങ്ങളുടെ നാടായി മാറിയിരിക്കുന്നു. കേരളത്തിലെ ജനജീവിതം സുരക്ഷിതമല്ലാത്ത അവസ്ഥയിലാണ്. ജനങ്ങളെ അങ്ങേയറ്റം ദ്രോഹിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവണ്മെന്റാണിത്.

<u>ശ്രീ.എ.എ. അസീസ് </u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പാവപ്പെട്ടവരുടേയും സാധാരണക്കാരുടേയും തൊഴിലാളികളുടേയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തുടക്കമിട്ട ഗവണ്മെന്റാണിത്.. കേന്ദ്ര ഗവണ്മെന്റിന്റെ തെറ്റായ നയംമൂലം രാജ്യത്താകമാനം നിലനിൽക്കുന്ന വില വർദ്ധനവിന്റെ ഭാഗമായി സംസ്ഥാനത്തുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ യുദ്ധ കാലാടിസ്ഥാനത്തിൽ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് സംസ്ഥാന ഗവൺമെന്റ്. യു.ഡി.എഫിന്റെ ഭരണകാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന എല്ലാ പൊതു

മേഖലാസ്ഥാപനങ്ങളേയും ലാഭത്തിലേയ്ക്കെത്തിക്കുകയും അടച്ചുപൂട്ടിയ സ്ഥാപനങ്ങളെ തുറന്ന് പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലത്തെ മീറ്റർ കമ്പനി പ്രൊഡക്ഷന്റെ കാര്യത്തിൽ സർവ്വകാല റിക്കാർഡ് നേടിയിരിക്കുന്നു. അടച്ചുപൂട്ടിയ തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് അതുമൂലം തൊഴിൽ ലഭ്യമാക്കുന്നതിനും കഴിഞ്ഞു. സുനാമി പുനരധിവാസ പദ്ധതി നടപ്പാക്കുകയും പാർപ്പിട സൗകര്യം, തീരദേശ സംരക്ഷണം എന്നീ വികസന പ്രവർത്തനങ്ങൾക്ക് വഴി തെളിക്കുകയും ചെയ്തു. കാർഷിക കടംമൂലം ആത്മഹത്യ ചെയ്ത കുടുംബങ്ങളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിച്ചു. കർഷകരെ സഹായിക്കാനായി കർഷക കടാശ്വാസ ബിൽ പാസ്സാക്കി. പത്ത് ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് പരിരക്ഷ നൽകുന്ന നിരവധി ആനുകൂല്യങ്ങൾ ഈ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവണ്മെന്റ് കുടിശ്ശിക വരുത്തി വച്ച നിരവധി ക്ഷേമ പെൻഷനുകൾ ഈ ഗവണ്മെന്റ് കൊടുത്തുതീർത്തു. കേന്ദ്ര ഗവൺമെന്റ് തൊഴിലാളികളുടെ പി.എഫിനുള്ള . പലിശ വെട്ടിക്കുറച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പുരോഗമനപരമായ പ്രസ്ഥാനങ്ങളെ പിന്തുണയ്ക്കാൻ ഐക്യജനാധിപത്യമുന്നണി തയ്യാറാകണം.

<u>ശ്രീ. പി. വിശ്വൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വലിയ ജനപിന്തുണയോടുകൂടി അധികാരത്തിൽ വന്ന ഈ ഗവണ്മെന്റിന്റെ ജനപിന്തുണ വീണ്ടും കൂടിക്കൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവാണ് അടുത്ത കാലത്ത് നടന്ന തിരുവമ്പാടി ഉപതെരഞ്ഞെടുപ്പ് ഫലം. വ്യക്തമായ കാഴ്ചപ്പാടോടുകൂടിയ ഒരു നയപ്രഖ്യാപന പ്രസംഗമാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ നടത്തിയത്. സംസ്ഥാന സർക്കാരിന്റെ ക്രിയാത്മക

സമീപനം തെളിയിക്കുന്ന ഒന്നാണത്. അത്. കേരളത്തിൽ ഒരു പുതിയ വികസന മേഖല സൃഷ്ടിക്കാനാണ് ഈ ഗവണ്മെന്റ് ശ്രമിക്കുന്നത്. കഴിഞ്ഞ യു.ഡി. എഫ്. ഭരണം കേരളത്തിന്റെ സമസ്ത മേഖലകളേയും തകർത്തുതരിപ്പണമാക്കുകയാണ് ചെയ്തതെങ്കിൽ ഈ ഗവണ്മെന്റ് ഇച്ഛാശക്തിയോടുകൂടിയ ഒരു ഭരണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവണ്മെന്റ് കർഷകരെ രക്ഷിക്കുന്നതിനായി കർഷക കടാശ്വാസ നിയമം കൊണ്ടുവന്നു. നെല്ലുൽപ്പാദന രംഗം ഊർജ്ജിതപ്പെടുത്താനുള്ള നയം പ്രഖ്യാപിച്ചുകഴിഞ്ഞു. പാവപ്പെട്ടവരുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം പ്രാപ്യമാക്കാനുതകുന്ന നിയമം പാസ്സാക്കിയത് കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. ആഗോളവൽക്കരണ നയം ഇന്ത്യൻ കോടതികളെയും സ്വാധീനിക്കുന്നുവെന്ന് പല ജഡ്ജ്മെന്റുകളും പരിശോധിച്ചാൽ മനസ്സിലാകും. കുത്തഴിഞ്ഞുകിടന്ന ആരോഗ്യരംഗം മെച്ചപ്പെടുത്തി. പാരാമെഡിക്കൽ രംഗത്ത് മാറ്റമുണ്ടാക്കാൻ നടപടികളാരംഭിച്ചു. ആലപ്പുഴ, തൃശൂർ എന്നിവിടങ്ങളിൽ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. അംഗൻവാടി കളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ ഓണറേറിയം വർദ്ധിപ്പിച്ചു. കായിക രംഗത്ത് വലിയ മാറ്റമുണ്ടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഗ്രാമീണ മേഖലയിലെ പ്രഗൽഭരായ കായിക താരങ്ങളെ കണ്ടുപിടിച്ച് ഇന്ത്യയുടെ അഭിമാനമാക്കി മാറ്റാനുള്ള നടപടികളെടുത്തു. സ്പോർട്ട്സ് ലോട്ടറിയിലൂടെ 30 കോടി രൂപ സമാഹരിക്കാനും, ഗ്രാമീണമേഖലയിൽ കളിക്കളങ്ങളുണ്ടാ ക്കാനും നടപടികളെടുത്തു. വൈദ്യുതി കൂടുതലുണ്ടാക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചുകഴിഞ്ഞു. പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഒഴിവാക്കാൻ ശ്രമിച്ച ഇച്ഛാശക്തിയുള്ള ഗവണ്മെന്റാണിത്. 2007 ജനുവരി വരെ 379332

വൈദ്യുതി കണക്ഷനുകൾ കൊടുത്തു. 5 ലക്ഷം പേർക്ക് ഗുണം ചെയ്യുന്ന കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തു. വ്യാവസായികരംഗത്ത് കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ഗവണ്മെന്റ് നടത്തുന്ന ശ്രമം ശ്ലാഘനീയമാണ്. അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാനുമുള്ള നടപടികളെടുത്തു. പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി എന്നിവയിൽ വലിയ മാറ്റമുണ്ടാക്കുകയും പോലീസ് സേനയെ നവീകരിച്ച് കൂടുതൽ ജനകീയമാക്കുന്നതിനുള്ള സമഗ്രമായ പരിപാടികൾ ആരംഭിക്കുകയും ചെയ്തു. കുറ്റകൃത്യങ്ങൾ തടയുന്നതിനും പൊതുജന സമാധാനം നിലനിർത്തുന്നതിനും നടപടികൾ സ്വീകരിച്ചു. കേരളത്തിൽ കൂടുതൽ ടൂറിസ്റ്റുകൾ വരുന്ന സാഹചര്യമുണ്ടാക്കി. 12--ാം ധനകാര്യ കമ്മിഷൻ കേരളത്തോട് കാണിച്ച അവഗണന ചെറുതല്ല. കേരളത്തെ സഹായിക്കാൻ കേന്ദ്രം തയ്യാറാകണം. ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കാനും. വ്യാവസായിക മേഖലയിൽ മാറ്റങ്ങളുണ്ടാക്കാനും ഉതകുന്ന കാര്യങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്.

ശ്രീ. പി.എം.എ. സലാം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ദുർഭരണത്തിൽ നിന്നും കേരളത്തിലെ ജനങ്ങളെ ഉയിർത്തെഴുന്നേൽപ്പിച്ച, ജനകീയ പ്രതിബദ്ധത തെളിയിച്ച ഗവണ്മെന്റാണിത്. ജനകീയ താൽപ്പര്യം പരിരക്ഷിച്ചുകൊണ്ടുള്ള നടപടികളുമായാണ് ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്കുകൊടുത്ത വാഗ്ദാനങ്ങളെല്ലാം പാലിക്കുന്നതിന് ഗവണ്മെന്റിന് കഴിഞ്ഞു. കഴിഞ്ഞ ഗവണ്മെന്റ് അടച്ചുപൂട്ടിയ വ്യവസായസ്ഥാപനങ്ങൾ തുറന്നു. ആത്മഹത്യ

ചെയ്ത കർഷകരുടെ കുടുംബങ്ങൾക്കും. എൻഡോസൾഫാൻ മേഖലയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങൾക്കും 50,000 രൂപവീതം ധന സഹായം നൽകി. കഴിഞ്ഞ ഗവണ്മെന്റ് കൊണ്ടുവന്ന നിയമനനിരോധനം പിൻവലിച്ച് 20,000-ത്തിലധികം പേർക്ക് തൊഴിൽ ലഭിക്കുന്നതിന് അവസര മുണ്ടാക്കി. കൃഷി, പരമ്പരാഗത വ്യവസായങ്ങൾ എന്നിവയെ പുനരുദ്ധരി ക്കാനും കർഷകർക്ക് സൗജന്യ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാനും മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കാനും മൽസ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പ കൊടുക്കാനും തീര പ്രദേശത്തെ 17,000 ഭൂരഹിത കർഷകർക്ക് ഭൂമിയും വീടും സൗജന്യമായി നൽകാനുമുള്ള പദ്ധതികളാവിഷ്ക്കരിച്ചു. 2010-ഓടു കൂടി എല്ലാവർക്കും പാർപ്പിടം, ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്ക് സൗജന്യ ചികിൽസ, പാവപ്പെട്ട സ്ത്രീകളുടെ വിവാഹത്തിന് 4 ശതമാനം പലിശ നിരക്കിലുള്ള വായ്പ ലഭ്യമാക്കൽ തുടങ്ങി നിരവധി പദ്ധതികളാണ് നയപ്രഖ്യാപനത്തിലുള്ളത്. കോഴിക്കോട് മാതൃകാ ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് കമ്മിഷൻ ചെയ്യുമെന്ന് പറഞ്ഞതും, മതസൗഹാർദ്ദം നിലനിർത്തുമെന്നു പറഞ്ഞതും ശ്രദ്ധേയമാണ്.

ശ്രീ. യു.സി. രാമൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ ഗവണ്മെന്റ് ആരംഭിച്ച പ്രവർത്തനങ്ങളെ പുതിയ പേരിൽ ആവർത്തിച്ച് പറയു കയാണ് ഈ നയപ്രഖ്യാപന പ്രസംഗത്തിൽ ചെയ്തിരിക്കുന്നത്.. കാർഷിക സർവ്വകലാശാലയ്ക്ക് ഒരു മേധാവിയെ കണ്ടെത്താൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. പവർ കട്ടില്ലായെന്ന് പറയുന്നുവെങ്കിലും നാട്ടിൽ എല്ലായിടവും

അപ്രഖ്യാപിത പവർകട്ടാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സപ്ലൈകോ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് 30 ശതമാനം വില കൂട്ടിയതോടുകൂടിയാണ് പൊതുക്കമ്പോളത്തിൽ വിലക്കയറ്റമുണ്ടായത്. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി പുതിയ സ്റ്റോറുകൾ ആരംഭിക്കുമെന്നു പറയുന്നതിനുപകരം നിലവിലുള്ള സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങളുടെ സ്റ്റോക്ക് വർദ്ധിപ്പിക്കുകയാണ് വേണ്ടത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസരംഗമാകെ തകർന്നു തരിപ്പണമായി. ആരോഗ്യരംഗം ശോചനീയാവസ്ഥയിലായി. കോഴിക്കോട് മെഡിക്കൽകോളേജാശുപത്രിയുടെ വികസനത്തെപ്പറ്റി നയപ്രഖ്യാപനപ്രസംഗത്തിൽ ഒന്നും പറയുന്നില്ല.. എസ്.സി. വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിൽ നടക്കുന്ന ക്രമക്കേടുകളെക്കുറിച്ച് പരിശോധിക്കണം.

ശ്രീ. എ.കെ. ശശീന്ദ്രൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. മുൻകാലങ്ങളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സ്വീകരിച്ച നയങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായ, കാതലായ മാറ്റം പ്രകടമാകുന്ന നയപ്രഖ്യാപന പ്രസംഗമാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്. ക്യാബിനറ്റിനെ വിശ്വാസത്തിലെടുക്കാതെ സുസ്ഥിര നഗരവികസന പദ്ധതിയുമായി ബന്ധപ്പെട്ട കരാർ ഒപ്പു വച്ചത് ഈ ഗവൺമെന്റിന്റെ പ്രകടമായ നയംമാറ്റമാണ്. കാർഷിക-വിദ്യാഭ്യാസ-ആരോഗ്യമേഖലകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കണം. സ്വാശ്രയമേഖലയിലെ പ്രശ്നം അടിയന്തിര പ്രാധാന്യത്തോടുകൂടി കൈകാര്യം ചെയ്യുമെന്ന് പ്രഖ്യാപിക്കുകയും അതിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തുകയും

ചെയ്തുവെങ്കിലും പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയിൽ നിലനിൽക്കുന്ന ആശങ്കയകറ്റാൻ ഇതുവരെ സാധിച്ചിട്ടില്ല. പൊതുകമ്പോളത്തെ ആശ്രയിച്ചു ജീവിക്കുന്ന 80 ശതമാനത്തോളം വരുന്ന ആളുകൾ ഇന്ന് വിലക്കയറ്റത്തിന്റെ കെടുതിയിലാണെന്നുള്ളത് അംഗീകരിച്ചുകൊണ്ട് പ്രശ്നത്തിനു പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. എ.എം. ആരിഫ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേരളം അഭിമുഖീകരിക്കുന്ന വികസന മുരടിപ്പിൽ നിന്നും സമസ്ത മേഖലകളേയും അഴിമതിയിൽ നിന്നും രക്ഷിക്കാനുള്ള നടപടികളാണ് നയപ്രഖ്യാപനത്തിലുള്ളത്. ഒരു മാറ്റത്തിന്റെ ബഹിർസ്ഫുരണം സമസ്തമേഖലകളിലും കണ്ടുതുടങ്ങിയിരിക്കുകയാണ്. എ.ഡി.ബി. വായ്പ വാങ്ങുന്നതിനെക്കുറിച്ച് ചർച്ച നടത്തിയതും ധാരണയുണ്ടാക്കിയതും മുൻ എൽ.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്താണ്. എ.ഡി.ബി. കരാറിലെ വ്യവസ്ഥകളെക്കുറിച്ചും അവർ അടിച്ചേൽപ്പിക്കുന്ന നിബന്ധനകളിലുമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് തർക്കമുണ്ടായിരുന്നത്. കേരളത്തിന്റെ സമ്പത്തിന്റെ മുക്കാൽ ഭാഗവും കയറ്റി അയച്ചിട്ട് അതിനനുസൃതമായി കേന്ദ്രത്തിൽ നിന്ന് വിഹിതം വാങ്ങാത്തതുകൊണ്ടാണ് ഇപ്പോൾ എ.ഡി.ബി.-യുടെ പുറകേ പോകേണ്ടിവന്നതെന്നുള്ള കാര്യം വിസ്മരിക്കരുത്. കേരളത്തിന് ലഭിക്കേണ്ട ന്യായമായ, അർഹതപ്പെട്ട അവകാശങ്ങൾ വെട്ടിച്ചുരുക്കുമ്പോൾ ലോൺ എടുക്കേണ്ടിവരും. അതിനു പരിഹാരം കാണാനുള്ള ശ്രമങ്ങളുമായിട്ടാണ് മുന്നോട്ടുപോകേണ്ടത്. കേരളത്തിന്റെ സമസ്തമേഖലകളിലും ഒരു മാറ്റം പ്രതിഫലിച്ചു തുടങ്ങിയിട്ടുണ്ട്. ആട്ടോകാസ്റ്റ് എന്ന പൊതുമേഖലാ സ്ഥാപനത്തെ പുനരുദ്ധരിക്കാനുള്ള നടപടികൾ സ്വീകരിച്ചത്

സ്വാഗതാർഹമാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം 22 പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലെത്തിച്ചു. സഹകരണ മേഖലയിൽ സഹകരണ ചന്തകൾ വഴി വിലക്കയറ്റം തടയാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. കേരളാ റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിൽ മാത്രമായി 92.87 കോടി രൂപയുടെ അഴിമതി നടന്നിട്ടുള്ളതായിട്ടാണ് സി.&എ.ജി. റിപ്പോർട്ട്. അതിനെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറായിട്ടില്ല. സമസ്ത മേഖലകളിലും നയപരമായിട്ടുള്ള മാറ്റങ്ങൾക്ക് രൂപം കൊടുത്തുകൊണ്ടുള്ള നയപ്രഖ്യാപന പ്രസംഗമാണിത്.

<u>ശ്രീ. കെ.ബാബു</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വ്യക്തമായ നയങ്ങളോ ദിശാബോധമോ ഇല്ലാത്തതും ആവർത്തന വിരസവുമായ നയപ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ നടത്തിയിട്ടുള്ളത്. അച്ചുതാനന്ദൻ ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് ഭരണം ഒഴിയേണ്ടി വരുമെന്ന ധ്വനിയാണ് നന്ദിപ്രമേയ ചർച്ചയിലുടനീളം മുഴങ്ങി കേട്ടത്. എ.ഡി.ബി. വായ്പയെ എതിർത്തിരുന്നവർ എ.ഡി.ബി.യുടെ വ്യവസ്ഥകൾ മാറാതെ അതിനോടുള്ള സമീപനം മാറ്റിയത് സംസ്ഥാന താൽപ്പര്യത്തിന് അനുയോജ്യമായതാണ്. ഹൈക്കോടതിയിൽ സ്വാശ്രയ നിയമം ഉൾപ്പെടെയുള്ള കേസുകൾ വാദിക്കാൻ സുപ്രീം കോടതിയിൽ നിന്നുള്ള അഡ്വക്കേറ്റ്സിനെ കൊണ്ടുവന്നതിലൂടെ ഖജനാവിൽ നിന്ന് വൻ തുകയാണ് ചെലവായിട്ടുള്ളത്. ജനാധിപത്യത്തിന്റെ അടിത്തറ തകർക്കുന്ന തരത്തിൽ ജുഡീഷ്യറിയെപ്പോലും ബഹുമാനിക്കാത്തവരാണ് എൽ.ഡി.എഫ്.. മാദ്ധ്യമങ്ങൾക്കും, ഐ.എ.എസ്. ഉദ്യോഗസ്ഥർക്കും എതിരായ നിലപാടാണ്

എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നത്. സംസ്ഥാന താൽപ്പര്യത്തിനുള്ള യാതൊരുവിധ നടപടിയും സ്വീകരിച്ചുകാണുന്നില്ല.

ശ്രീ. വി.എൻ. വാസവൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കാർഷിക, വ്യാവസായിക മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു നയപ്രഖ്യാപനമാണിത്. ട്രാക്കോ കേബിൾ, കൊല്ലം മീറ്റർ കമ്പനി, കെൽ എന്നിവയുൾപ്പെടെ യു.ഡി.എഫ്. ഗവൺമെന്റ് തകർത്ത് തരിപ്പണമാക്കിയ വ്യവസായ രംഗത്തെ പുനരുജ്ജീവിപ്പിക്കുക മാത്രമല്ല, പൂട്ടിക്കിടന്ന നിരവധി വ്യവസായ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനും നഷ്ടത്തിലായിരുന്നവയെ ലാഭകരമാക്കാനും ചുരുങ്ങിയ കാലത്തിനുള്ളിൽ ഈ ഗവൺമെന്റിന് സാധിച്ചു. വ്യവസായ മേഖലയിലും വൈദ്യുതി മേഖലയിലും നല്ല മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു. സേവന മേഖല പുഷ്ടിപ്പെടുത്താനും പൊതുജനാരോഗ്യമേഖലയിൽ മാറ്റങ്ങൾ വരുത്താനും പുതിയ നിയമനങ്ങൾ നടത്താനും കഴിഞ്ഞത് സ്വാഗതാർഹമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് ഭരണഘടനയ്ക്കും റൂൾസ് ഓഫ് പ്രൊസീഡ്യുവറിനും വിരുദ്ധമായി സുനാമി ദുരിതാശ്വാസ ഫണ്ട് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ശേഷം കൈത്തറിക്കും ഖദറിനും ഒരു നവോന്മേഷം പകരാൻ കഴിഞ്ഞു. സാമൂഹ്യവനവൽക്കരണത്തിലൂടെ 'എന്റെ തണൽമരം' പദ്ധതി നടപ്പിലാക്കി. വെടിവച്ചുകൊന്ന ആദിവാസിയായ ജോഗിയുടെ മകൾ സിന്ധുവിന് ജോലി നൽകുകയും ഉരുട്ടിക്കൊലപ്പെടുത്തിയ ഉദയകുമാറിന്റെ അമ്മയ്ക്ക് സഹായധനവും വീടും നൽകുകയും ഉത്തര കേരളത്തിൽ വൻദുരന്തം വാരിവിതച്ച കീടനാശിനിയായ എൻഡോസൾഫാൻ ദുരന്തത്തിനിരയായവർക്ക് സഹായം

നൽകുകയും ചെയ്തു. വിദ്യാഭ്യാസ-കായിക-വ്യാവസായിക മേഖലകളിലും സേവന മേഖലകളായ വൈദ്യുതി ഉൽപ്പാദനം, കുടിവെള്ളമെത്തിക്കൽ എന്നിവയിലും അഭിമാനകരമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തിന് പ്രയോജനപ്രദമായ ദേവസ്വം ഒർഡിനൻസ് പുറപ്പെടുവിച്ചു.. വിവിധ രംഗങ്ങളിൽ ഈ ഗവൺമെന്റ് അഭിമാനകരമായ പുരോഗതി ഉറപ്പാക്കിയിരിക്കുന്നു.

ശ്രീമതി ഇ.എസ്. ബിജി മോൾ : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ വിവിധ മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ഗവൺമെന്റ് നടത്തുന്ന ആത്മാർത്ഥമായ ശ്രമങ്ങളുടെ പ്രതിഫലനമാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. പീരുമേട്ടിലെ തോട്ടം മേഖല യിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ ഗവൺമെന്റ് നടത്തുന്ന എല്ലാ പരിശ്രമങ്ങളെയും അതിന് നേതൃത്വം കൊടുക്കുന്ന മന്ത്രിമാരെയും അഭിനന്ദി ക്കുകയാണ്. മുല്ലപ്പെരിയാർ ഡാം പ്രശ്നത്തിൽ കോടതിയിൽനിന്നും അനുകൂല പരാമർശം നേടിയെടുക്കാൻ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു. മഴക്കാലത്ത് സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നം വരുമ്പോൾ മാത്രം മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ച് ചർച്ച ചെയ്യാതെ ജലനിരപ്പ് ഏറ്റവും താഴ്ന്നു നിൽക്കുന്ന അവസരത്തിൽ ഇക്കാര്യം ഗൗരവമായി പരിഗണി ക്കുകയും ഇതുമായി ബന്ധപ്പെട്ട് ചെയ്തുകൊണ്ടിരിക്കുന്ന വിവിധ വിഷയങ്ങൾ മുല്ലപ്പെരിയാർ സംയുക്ത സമര സമിതിയെ ബോധ്യപ്പെടുത്തി ജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിന് വേണ്ട ശക്തമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുകയും വേണം. സ്വാശ്രയ വിദ്യാഭ്യാസ

നിയമമൊഴികെ മറ്റൊരു വിഷയവും ചർച്ച ചെയ്യപ്പെടുന്നില്ല എന്ന പരാതിക്ക് പരിഹാരമുണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും നിലനിൽക്കുന്ന ഷിഫ്റ്റ് സമ്പ്രദായങ്ങൾ മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കാർഷിക വായ്പയുടെ പലിശനിരക്ക് കുറയ്ക്കുന്നതിനും നിർധനകുടുംബങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിപ്പിക്കുന്നതിനായി നാലു ശതമാനം പലിശയ്ക്കു വിവാഹ വായ്പയും 40,000-ത്തോളം മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പയും ലഭ്യമാക്കാനുള്ള സർക്കാരിന്റെ തീരുമാനം അഭിനന്ദനാർഹമാണ്. അതുപോലെ സഹകരണ സംഘങ്ങൾ വഴി നൽകുന്ന വായ്പകളുടെ പലിശ നിരക്ക് കുറച്ചുകൊടുക്കുന്നതിനാവശ്യമായ കാര്യങ്ങളും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. മൈക്രോ ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷൻ വഴി ലഭ്യമാക്കുന്ന ധനസഹായം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട സ്ത്രീകളുൾപ്പെടെയുള്ള ആളുകൾക്ക് സഹായകരമാകും. പൊതുവിതരണ സമ്പ്രദായത്തിലൂടെ വിലനിലവാരം പിടിച്ചുനിർത്താൻ കഴിഞ്ഞിട്ടുണ്ട്. അരിയും ഗോതമ്പും പഞ്ചസാരയും വെട്ടിച്ചുരുക്കിയതുൾപ്പെടെ കേന്ദ്രം കേരളത്തോടു കാണിച്ചിട്ടുള്ള അതിക്രമങ്ങൾ വളരെ വലുതാണ്. അഴിമതി അവസാനിപ്പിക്കാൻ ഇ-ടെൻഡർ സമ്പ്രദായം നടപ്പിലാക്കുക വഴി ഏറെ അഭിമാനകരമായ നേട്ടം സർക്കാരിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനകീയ പങ്കാളിത്തത്തോടുകൂടി വനം വകുപ്പിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളായ "വഴിയോര തണൽ", "എന്റെ മരം", "തീര വനം" എന്നിവ ഗവൺമെന്റിന് അഭിമാനകരമാണ്. വനഭൂമിയായി പ്രഖ്യാപിച്ച വാഗമണ്ണിലെ 440 ഏക്കർ ഭൂമി കയ്യേറ്റം നടത്തിക്കൊണ്ടിരിക്കുന്ന

കയ്യേറ്റക്കാരുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാനും ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ട വാഗമൺ ടൂറിസം പദ്ധതികൾ തകിടം മറിയാതിരിക്കാനുള്ള ജാഗ്രതയും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം. കുടിയേറ്റ കർഷകർക്ക് കൈവശരേഖയും പട്ടയവും ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികളുടെ പഠനസഹായ ത്തിനുള്ള 40 കോടിയിലധികം രൂപ ഈ സർക്കാരിന് ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആരോഗ്യവകുപ്പിനെ നല്ല പ്രവർത്തനങ്ങളിലൂടെ അടുക്കും ചിട്ടയുമായി മാതൃകാപരമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. സി.കെ.പി. പത്മനാഭൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. തെരഞ്ഞെടുപ്പുസമയത്ത് പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ ഒന്നൊന്നായി നടപ്പാക്കുന്നതിൽ ഗവൺമെന്റ് കൈവരിച്ച വിജയത്തെക്കുറിച്ച് ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലയ്ക്കാത്ത കർഷക ആത്മഹത്യകളുണ്ടായിരുന്നു. എന്നാൽ കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിൽ അധികാരത്തിൽ വന്ന ഈ സർക്കാർ ഒൻപതു മാസം കൊണ്ട് 53 കോടിയോളം രൂപ കൃഷിക്കാർക്കു ആനുകൂല്യമായി കൊടുത്തു. പതിനൊന്നാം പഞ്ചവൽസര പദ്ധതിക്ക് അടിത്തറ പാകാനാവശ്യമായ ഒരു സാമ്പത്തിക ഭദ്രതയുണ്ടാക്കാൻ വേണ്ടിയാണ് ഗവൺമെന്റ് ശ്രമിച്ചത്. സ്ത്രീകൾക്കും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും നേരെയുമുള്ള കടന്നാക്രമണങ്ങളെക്കു റിച്ച് അന്വേഷിക്കുന്നതിന് പ്രത്യേക കോടതി ഉണ്ടാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻവേണ്ടി

കാർഷിക മേഖലയുൾപ്പെടെ നിരവധി പദ്ധതികൾ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. അടച്ചുപൂട്ടിയ കള്ളുഷാപ്പുകൾ തുറക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിനു കാരണം അവധിവ്യാപാരവും കേന്ദ്രസർക്കാർ അനുവർത്തിച്ചുവരുന്ന നവ ഉദാര വൽക്കരണവുമാണ്. അവധിവ്യാപാരം ഒഴിവാക്കണമെന്നു പറയാൻ പ്രതിപക്ഷത്തിനു കഴിയുന്നില്ല. കേന്ദ്ര ഗവൺമെന്റ് നയംമൂലം നട്ടം തിരിയുന്ന കൃഷിക്കാരെ സഹായിക്കാൻ കേന്ദ്രഗവൺമെന്റ് യാതൊരു നടപടിയും എടുക്കുന്നില്ല. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ആറുമാസത്തിനുള്ളിൽ നടപ്പാക്കുമെന്ന് പറഞ്ഞിട്ട് അതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കൃഷിക്കാരെ ദ്രോഹിക്കുന്ന നിയമം കേന്ദ്രഗവൺമെന്റ് കൊണ്ടുവരാൻ പോകുന്നു. 'ഗരീബി ഹഠാവോ' വീണ്ടും പ്രഖ്യാപിക്കാൻ പോകുന്നു. തെറ്റായ കേന്ദ്രനയത്തിന്റെ ഫലമായിട്ടാണ് വിദേശ വായ്പ വാങ്ങേണ്ട സ്ഥിതിവിശേഷം ഉണ്ടായത്. കേന്ദ്രം ഇതിൽ മധ്യവർത്തിയുടെ റോളാണ് എടുത്തിരിക്കുന്നത്. 1996-ലെ എൽ.ഡി.എഫ്. സർക്കാർ വിദേശ വായ്പ വാങ്ങുന്നതിനായി ചർച്ച നടത്തിയെങ്കിലും പരാജയപ്പെട്ടു. പിന്നീട് വന്ന സർക്കാർ അത് വാങ്ങാൻ തീരുമാനിക്കുകയുണ്ടായി. നഗരസഭകളെ നോക്കുകുത്തികളാക്കുന്ന, കേരളത്തിന്റെ അഭിമാനം പണയം വയ്ക്കുന്ന 10 നിർദ്ദേശങ്ങളെ അന്നത്തെ പ്രതിപക്ഷം ശക്തമായി എതിർത്തു. ആ നയത്തിൽ മാറ്റങ്ങൾ വരുത്തിയാണ് എ.ഡി.ബി. വായ്പ വാങ്ങാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. വെള്ളത്തിന്റെ ഉപയോഗത്തിനനുസരിച്ച് പണമടയ്ക്കുന്നതിന് മീറ്റർ സംവിധാനം കൊണ്ടുവന്നു. വൈദ്യുതി ഉപഭോഗം കണക്കാക്കുന്നതിന്

മിനിമം മീറ്റർവച്ച് ചാർജ്ജ് ഈടാക്കുന്നതിൽ മാറ്റമുണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 45 കോടി രൂപയ്ക്ക് മുകളിലുള്ള കേസ്സുകൾ വിദേശത്തും അതിന് താഴെയുള്ള മുഴുവൻ കേസ്സുകളും ഇവിടെയും കൈകാര്യം ചെയ്യാൻ തീരുമാനിച്ചതിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നന്ദി പ്രമേയത്തെ എതിർക്കുന്നു. ഈ നയപ്രഖ്യാപനം ആവർത്തനമാണ്. രാഷ്ട്രീയ കുശാഗ്ര ബുദ്ധിയുള്ള ഭരണപക്ഷം തിരിഞ്ഞും മറിഞ്ഞും വാദിച്ച് സത്യവിരുദ്ധ പ്രസ്താവനകൾ ഇറക്കുകയാണ്. 765 കോടി രൂപ പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലെ കാർഷികാവശ്യങ്ങൾക്കായി കേന്ദ്രം അനുവദിച്ചതിൽ ആലപ്പുഴ, ഇടുക്കി ജില്ലകളെക്കൂടി ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് ചിന്തിക്കണം. ജീവിക്കാൻ നിവൃത്തിയില്ലാത്തവർക്ക് വേണ്ടി ജീവിതസൗകര്യമൊരുക്കാൻ സാഹചര്യം സൃഷ്ടിക്കണം. പ്ലാച്ചിമട കമ്പനി തുറക്കുന്നതിനെതിരെ കോടതിയോട് സമരം ചെയ്തിട്ട് കാര്യമില്ല. പ്രൊഫഷണൽ വിദ്യാഭ്യാസരംഗം തകർത്തതുമൂലം വിദ്യാർത്ഥികളുടെ ഭാവി അവതാളത്തിലായി. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ പഠിക്കാൻ കഴിയാതെ ആയിരക്കണക്കിന് കുട്ടികളുടെ വിദ്യാഭ്യാസം നിലച്ചുപോകുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ഇത്തരം നയങ്ങൾ മൂലം ഈ സർക്കാരിന്റെ ഭൂരിപക്ഷം പോലും കുറയുന്ന നിലയിലാണ്. എ.ഡി.ബി. കരാറിന് ഭരണഘടനാപര മായ ഒരു പൊസിഷൻ ഉണ്ട്. ഭരണഘടനയിലെ 164(2) വകുപ്പനുസരിച്ച് മന്ത്രിമാർക്ക് കൂട്ടുത്തരവാദിത്വമുണ്ട്. എ.ഡി.ബി. ലോണിന്റെ കാര്യത്തിൽ കൂട്ടുത്തരവാദിത്വമില്ല. സുസ്ഥിര നഗര വികസന നയം ആരംഭിച്ചുവെന്ന്

അവകാശപ്പെടുമ്പോഴും അത് തർക്ക വിഷയമായി കിടക്കുകയാണ്. അഡ്വക്കേറ്റ് ജനറലിന്റെ വാദഗതിയെ മന്ത്രിസഭ പിന്താങ്ങുന്നത് അഭിമാനകരമാണോയെന്ന് പരിശോധിക്കണം. രാജ്യത്തിന് സാമ്പത്തിക ഭാരമുണ്ടാക്കുന്ന വിഷയമുണ്ടായാൽ അത് പാർലമെന്റിൽ ചർച്ച ചെയ്യണമെന്ന വാദത്തോട് യോജിക്കുന്നു. അതുപോലെ എ.ഡി.ബി.കരാറും നിയമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കണം. സുസ്ഥിര നഗര വികസന പദ്ധതി വരുമ്പോൾ കുടിവെള്ളത്തിന് രണ്ട് രീതിയിലുള്ള നിരക്ക് വരും. അതായത് വാട്ടർ അതോറിറ്റിക്ക് 7 രൂപ ഉല്പാദനച്ചെലവുള്ള വെള്ളം 2 രൂപ നിരക്കിലാണ് വിതരണം ചെയ്യുന്നത്. ഇത് സ്ക്വയർ മീറ്റർ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തുമ്പോൾ രണ്ടുവിധത്തിലുള്ള നിരക്കായിരിക്കും ഉണ്ടാവുക. അത്തരം കാരണങ്ങൾ കൊണ്ട് വെള്ളത്തിന്റെ ചാർജ്ജ് വർദ്ധിപ്പിക്കേണ്ടിവരും.

സഭ വൈകുന്നേരം 4.35–ന് പിരിഞ്ഞു.

* * * * * * * * * * * *